മി. സ്പീക്കർ: ഓർഡർ......ഓർഡർ...... ചോദ്യം നമ്പർ (*511)

## ജൈവ വൈവിധ്യ സംരക്ഷണം

1 (*511) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംരക്ഷിത പ്രദേശങ്ങളായി പരിപാലിക്കപ്പെടുന്ന വനമേഖലകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ജൈവ വൈവിധ്യ സംരക്ഷണത്തിനുള്ള പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ശോഷണം സംഭവിച്ച വനങ്ങളുടെ സംരക്ഷണത്തിന് പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ജൈവ വൈവിധ്യ സംരക്ഷണത്തെ പ്രോത്സാഹിപ്പിക്കാൻ പ്രകൃതിമിത്ര അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, (എ) സംസ്ഥാനത്തെ ആകെ വനപ്രദേശം 11531.139 ച.കി.മീറ്ററാണ്. അതിൽ സംരക്ഷിത പ്രദേശങ്ങളായി (Reserved Forest) പരിപാലിക്കപ്പെടുന്ന വനമേഖലകളുടെ ആകെ വിസ്തൃതി 6442.737 ച.കി.മീറ്ററും പരിരക്ഷിത പ്രദേശമായി (Protected Area) പരിപാലിക്കുന്ന വനമേഖലയുടെ ആകെ വിസ്തൃതി 3066.184 ച.കി.മീറ്ററുമാണ്.

(ബി) ജൈവവൈവിധ്യ സംരക്ഷണത്തിനായി വനം വകുപ്പ് നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- ഇക്കോ റെസ്റ്റോറേഷൻ പദ്ധതി മുഖേന വിവിധ തദ്ദേശീയ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ.
- ഗ്രീൻ ഇന്ത്യ മിഷൻപോലുള്ള പദ്ധതികൾ മുഖേന പ്രക്ഷീണ വനങ്ങളെ കണ്ടെത്തി പരിപാലിക്കൽ.
- ജലസംരക്ഷണത്തിനായി വനത്തിനുള്ളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ സ്ഥാപിക്കൽ.

- കാട്ടുതീ പ്രതിരോധ പ്രവർത്തനം.
- വനാതിർത്തി പുനർനിർണ്ണയിച്ച് സ്ഥിരം ജണ്ടകൾ സ്ഥാപിക്കൽ.
- മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ.
- ഫീൽഡ് പട്രോളിംഗ്.
- വനം കയ്യേറ്റം തടയൽ.
- വന്യജീവികളുടെ കണക്കെടുപ്പും പരിപാലനവും.

വനങ്ങൾ സംരക്ഷിക്കുന്നതിനായി അധിനിവേശ സസ്യങ്ങൾ നിർമ്മാർജ്ജനം ചെയ്ത് സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം ചെയ്യുന്നതോടൊപ്പം നിലവിലുള്ള ചെറുതടയണകളും ബ്രഷ്‌വുഡ് തടയണകളും ചെറുകുളങ്ങളും നീർച്ചാലുകളും ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിച്ചുവരുന്നുണ്ട്. സൂക്ഷ്മനീർച്ചാലുകൾ, മണ്ണ്-ജല സംരക്ഷണത്തിനായി യോജ്യമായ ഇടങ്ങളിൽ ഗള്ളി പ്ലഗിംങ് എന്നിവയും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടത്തിവരുന്നു. ഇത്തരത്തിലുള്ള ചോദ്യം ആദ്യമായിട്ടാണ് വനം വകുപ്പുമായി ബന്ധപ്പെട്ട് വരുന്നതെന്നുള്ളതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്.

വനസംരക്ഷണത്തിനും പരിപാലനത്തിനുമായി ദിവസേനയുള്ള ഫീൽഡ് പരിശോധനകളും പ്രത്യേക ഇന്റീരിയർ ക്യാമ്പിംഗ് പരിശോധനകളും വാഹന പട്രോളിംഗും വനം കയ്യേറ്റം ചെറുക്കുന്നതിന് അതിർത്തി മേഖലകളിൽ പ്രത്യേക സംരക്ഷണ പ്രവർത്തനങ്ങളും നടത്തിവരുന്നു. വനങ്ങളിലെ അനധികൃത കടന്നുകയറ്റവും കയ്യേറ്റവും തടയാൻ വനാതിർത്തികൾ ജണ്ട കെട്ടി സംരക്ഷിച്ചുവരുന്നു.

(സി) ശോഷണം സംഭവിച്ച വനങ്ങളുടെ സംരക്ഷണത്തിന് താഴെപ്പറയുന്ന പദ്ധതികൾ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ടെക്നിക്കൽ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ തേക്ക് തോട്ടങ്ങളിൽ സ്വാഭാവിക മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ CAMPA പദ്ധതി മുഖേന സ്വീകരിച്ചുവരുന്നു. കൂടാതെ ഗ്രീൻ ഇന്ത്യ മിഷൻ പോലുള്ള പദ്ധതികൾ പ്രകാരം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചുവരുന്നു. കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം സംബന്ധിച്ച നയരേഖ 17-12-2021-ലെ സ.ഉ. (കൈ) നം. 29/2021/വനം പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതിക്കും ആവാസവ്യവസ്ഥയ്ക്കും ദോഷകരമായതും

കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ ഏകവിള തോട്ടങ്ങൾ ഘട്ടംഘട്ടമായി നീക്കംചെയ്ത് സ്വാഭാവിക വനങ്ങളായി പുന:സ്ഥാപനം നടത്തുന്നതിന് വിഭാവനം ചെയ്തിട്ടുള്ളതാണ്. ആയതിന്റെ പശ്ചാത്തലത്തിൽ 27,000 ഹെക്ടർ സ്ഥലത്തെ ഏകവിളത്തോട്ടങ്ങൾ രണ്ടു പതിറ്റാണ്ടുകൊണ്ട് ഇത്തരത്തിൽ വിവിധ ഘട്ടങ്ങളിലായി നീക്കംചെയ്ത് സ്വാഭാവിക വനം പുന:സ്ഥാപിക്കാനാണ് നയരേഖയിൽ ഉദ്ദേശിച്ചിട്ടുള്ളത്. കൂടാതെ ജൈവവൈവിധ്യത്തിന് ഭീഷണിയായി മാറിക്കൊണ്ടിരിക്കുന്ന ലെന്റാന, മൈക്കേനിയ, സെന്ന തുടങ്ങിയ സസ്യങ്ങളെ നിർമ്മാർജ്ജനം ചെയ്ത് തൽസ്ഥാനത്ത് തദ്ദേശീയ സസ്യവർഗ്ഗങ്ങളെ വച്ചുപിടിപ്പിക്കുന്ന പദ്ധതി നടപ്പലാക്കിവരുന്നു. ആയത് സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.

(ഡി) ജൈവവൈവിധ്യ സംരക്ഷണത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി 'പ്രകൃതിമിത്ര' എന്ന പേരിൽ അവാർഡ് ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ജൈവവൈവിധ്യ സംരക്ഷണമേഖലയിൽ ജില്ലാടിസ്ഥാനത്തിൽ മികച്ച പ്രവർത്തനം നടത്തുന്ന വ്യക്തികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, എൻ.ജി.ഒ.,

കർഷകർ എന്നിവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി വനം വകുപ്പ് 'വനമിത്ര' അവാർഡ് എല്ലാ വർഷവും നൽകിവരുന്നുണ്ട്.

ശ്രീ. എ. സി. മൊയ്തീൻ: സർ, കുടിവെള്ളത്തിനും ഭക്ഷണത്തിനുമുള്ള ലഭ്യതക്കുറവ് മൂലം വനങ്ങളിലുള്ള വന്യമൃഗങ്ങൾ നാട്ടിലേയ്ക്കിറങ്ങുന്നതും മനുഷ്യരുമായി സംഘർഷമുണ്ടാക്കുന്നതുമായ പ്രശ്നങ്ങൾ ഇവിടെ ചർച്ച ചെയ്തിട്ടുണ്ട്. അതുപോലെ പ്രധാനപ്പെട്ടതാണ് അനിയന്ത്രിതമായ വംശവർദ്ധനവ്. ഇതിന്റെ ഭാഗമായുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സംസ്ഥാന ഗവൺമെന്റിന്റെ പരിധിയിൽനിന്നും ചെയ്ത കാര്യങ്ങൾ എന്തൊക്കെയാണ്; ഈ വിഷയങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് കേന്ദ്ര വനം നിയമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ കേന്ദ്രത്തോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇതിന് രണ്ട് ഭാഗങ്ങളാണുള്ളത്. ഒന്നാമത്തെ ഭാഗം, 1972-ൽ അന്നത്തെ സാഹചര്യത്തിൽ കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ വന്യജീവി സംരക്ഷണ നിയമത്തിന്റെ ഫലമായി വനമേഖല നേരിടുന്ന പ്രശ്നങ്ങൾക്ക് വർത്തമാന കാലഘട്ടത്തിൽ ഉത്തരം കാണാൻ

കഴിയാതെ കാലഹരണപ്പെട്ടു. ആ കാലഹരണപ്പെട്ട നിയമങ്ങൾ പരിഷ്ക്കരിക്കണമെന്ന ആവശ്യം പലപ്പോഴായി കേന്ദ്ര ഗവൺമെന്റിനുമുമ്പാകെ ഉന്നയിക്കുകയും കേരള നിയമസഭതന്നെ ഐകകണ്ഠ്യേന ഒരു പ്രമേയം പാസ്സാക്കി കേന്ദ്ര ഭരണകൂടത്തിന്റെ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർക്കും ഉദ്യോഗസ്ഥർക്കും നേരിട്ടും അല്ലാതെയും സമർപ്പിച്ചിട്ടുണ്ട്. ഇവിടെ പലവട്ടം സൂചിപ്പിച്ചതുപോലെ, ദൗർഭാഗ്യവശാൽ നിഷേധാത്മകമായ നിലപാടാണ് ഇപ്പോഴും അവർ തുടരുന്നത്. പുതിയ ഗവൺമെന്റ് വന്ന പശ്ചാത്തലത്തിൽ പഴയതുപോലെ കടുംപിടുത്തമുണ്ടാകില്ലെന്നാണ് പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ളവർ ഇവിടെ പറഞ്ഞത്. ആ സാഹചര്യത്തിൽ കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി കേന്ദ്ര ഭരണാധികാരികളെ സമീപിച്ച് ഈ പ്രശ്നം ശ്രദ്ധയിൽപ്പെടുത്താനാണ് വനം വകുപ്പും സർക്കാരും ആഗ്രഹിക്കുന്നത്.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ അധിനിവേശ മരങ്ങളും സസ്യങ്ങളും ഒഴിവാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പറഞ്ഞു. ലക്ഷക്കണക്കിന് തൈകളാണ് വനം വകുപ്പ്

വനവൽക്കരണത്തിന്റെ ഭാഗമായി നാട്ടിൻപുറത്ത് വിതരണം ചെയ്യുന്നത്. അതിൽനിന്ന് ഇത് ഒഴിവാക്കിയിട്ടുണ്ടോ? ജൈവവൈവിധ്യ ശോഷണത്തിന്റെ ഭാഗമായി കാവുകളുടെ സംരക്ഷണം നമ്മൾ ഒരു ഘട്ടത്തിൽ കണ്ടതാണ്. അതിനാവശ്യമായ പദ്ധതി ഇപ്പോൾ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ എന്നുള്ള കാര്യം വിശദമാക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണിത്. നമ്മുടെ ജൈവവൈവിധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട ഒരു ചർച്ചയിലും കാവുകളുടെ പ്രാധാന്യം മാറ്റിനിർത്താനാകുകയില്ല. അതുകൊണ്ട് കാവുകളുടെ സംരക്ഷണം ഒരു പ്രധാനപ്പെട്ട ഇനമായി വനം വകുപ്പ് ഇപ്പോൾ എടുത്തിട്ടുണ്ട്. പക്ഷെ നമ്മുടെ ആവശ്യങ്ങൾ നിർവ്വഹിക്കത്തക്ക വിധത്തിലുള്ള സാമ്പത്തിക ലഭ്യത ഇപ്പോൾ കുറവാണെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. ഈ കാര്യത്തിൽ വരുത്തുന്ന ഉദാസീനത നമ്മുടെ ജൈവസമ്പത്തിനെ സാരമായി ബാധിക്കുമെന്നതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും അത് ഗൗരവത്തിൽത്തന്നെ കാണുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

ശ്രീ. എ. പ്രഭാകരൻ: സർ, തോട്ടങ്ങൾക്കുള്ളിലും ചുറ്റുമുള്ള അതിർത്തി പ്രദേശങ്ങളിലും ജൈവവൈവിധ്യ പരിപോഷണത്തിന് പ്രത്യേക പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, തോട്ടങ്ങൾക്കുള്ളിലും തോട്ടങ്ങൾക്ക് ചുറ്റും ജൈവവൈവിധ്യ സമ്പത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായികൂടിയാണ് വനത്തിന്റെ സ്വാഭാവികത നിലനിർത്താനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. സ്വാഭാവിക വനങ്ങളായി നമ്മുടെ വനങ്ങളെ സംരക്ഷിക്കുന്ന മുറയ്ക്ക് ജൈവ സമ്പത്ത് സംരക്ഷിക്കപ്പെടാൻ കഴിയും. പക്ഷെ ഒരു പ്രധാനപ്പെട്ട പ്രശ്നമുള്ളത്, ഇന്ത്യയിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള നാല് ജൈവവൈവിധ്യ പ്രാധാന്യമുള്ള പ്രദേശങ്ങളിൽ ഒന്നാമത്തെ പ്രദേശം നമ്മുടെ പശ്ചിമഘട്ട മലനിരകളിൽ പടിഞ്ഞാറ് ഭാഗത്ത് സ്ഥിതി ചെയ്യുന്ന കേരളവുമായി ബന്ധപ്പെട്ടുകിടക്കുന്ന പ്രദേശമാണ്. അതിന്റെ സംരക്ഷണം അവഗണിച്ചാൽ അത് ഗുരുതരമായ കാലാവസ്ഥാ വ്യതിയാനത്തിനും മറ്റ് പ്രകൃതിദുരന്തങ്ങൾക്കും ഇടയാക്കുമെന്ന കാര്യത്തിൽ സംശയമില്ല. ബഹുമാനപ്പെട്ട അംഗത്തിന്റെ

ചോദ്യം വളരെ പ്രധാനപ്പെട്ടതാണ്. അതിന് അർഹതപ്പെട്ട പ്രാധാന്യം നൽകി ഗവൺമെന്റ് ആ കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, നമ്മുടെ നാട്ടിലിറങ്ങി കുഴപ്പമുണ്ടാക്കുന്ന ആനകൾ നല്ല ആരോഗ്യവും മികച്ച സൗന്ദര്യവുമുള്ളവയാണ്. എന്നാൽ നമ്മുടെ നാട്ടിലെ ഉത്സവങ്ങളിൽ വരുന്ന പല ആനകളെയും കണ്ടാൽ ഭിന്നശേഷി പെൻഷനും വാർദ്ധക്യകാല പെൻഷനും കൊടുത്ത് വീട്ടിലിരിക്കേണ്ട അവസ്ഥയിലുള്ളതാണ്. ഈ രണ്ട് പ്രശ്നവും പരിഹരിക്കുന്നതിന്, വനാന്തരങ്ങളിൽനിന്ന് ആനകളെ പിടിച്ച് പരിപാലിക്കാൻ പൂർവ്വകാലത്തുണ്ടായിരുന്ന അനുവാദം നമുക്ക് തിരിച്ചെടുക്കാൻ കഴിയുമോയെന്ന് പരിശോധിക്കണം. പ്രാദേശിക ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് സംരക്ഷിത മേഖലയോട് ചേർന്ന് ഇക്കോ ഡെവലപ്മെന്റ് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട ചെയർ പറഞ്ഞതുപോലെ ഇത് രണ്ടും രണ്ട് പ്രശ്നങ്ങളാണ്. ഈ വിഷയത്തിൽ അദ്ദേഹത്തിനുള്ള താൽപ്പര്യം കണക്കിലെടുത്തുകൊണ്ട് ഒന്നുരണ്ട് കാര്യങ്ങൾ പറയാനാണ് ഞാൻ

ആഗ്രഹിക്കുന്നത്. ഒന്ന്, കാട്ടാനകളെ സംരക്ഷിക്കുന്ന നിയമംപോലെതന്നെ നാട്ടാനകളെ സംരക്ഷിക്കുന്ന ഒരു നിയമവുമുണ്ട്. ആ നിയമം പരിഷ്കരിച്ചുകൊണ്ടുള്ള ഉത്തരവ് നമുക്ക് ലഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി ശ്രീ. കെ. ബി. ഗണേഷ് കുമാർ ഉൾപ്പെടെയുള്ളവർ അതൊരു ചർച്ചയ്ക്ക് വിധേയമാക്കണമെന്നും ചർച്ചകൂടാതെ അത് നടപ്പിലാക്കരുതെന്നും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വിദഗ്ധ പരിശോധനകളും ചർച്ചകളും നടത്തി ആ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അങ്ങനെ നടപടി സ്വീകരിക്കുമ്പോൾ സൗന്ദര്യമുള്ള ആനകളെതന്നെ എഴുന്നള്ളത്തിന് കൊണ്ടുവരാൻ കഴിയും. ആനയുടെ ചലനമാണ് ഏറ്റവും വലിയ സൗന്ദര്യം. ചലനശേഷി നഷ്ടപ്പെട്ട ആനകളെ കൊണ്ടുവന്നാൽ ഒരു ഭംഗിയുമുണ്ടാകില്ലെന്നുള്ള മെമ്പറിന്റെ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. രണ്ടാമതായി അദ്ദേഹം പറഞ്ഞത്, ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട പ്രശ്നമാണ്. അത് ഞാൻ ഇവിടെ പറഞ്ഞു. അത് വളരെ പ്രധാനപ്പെട്ടതാണ്. ഓരോ മേഖലയിലും എന്തൊക്കെയാണ് ചെയ്യേണ്ടതെന്ന് ക്ലാസിഫൈ ചെയ്ത് അതിന്റെ അടിസ്ഥാനത്തിൽ അതത് മേഖലയ്ക്കുപറ്റിയ പരിപോഷണ

പരിപാടികളാണ് ആവിഷ്ക്കരിക്കേണ്ടത്. അത് നടപ്പിലാക്കുന്നതിന് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ആന്റണി ജോൺ: സർ, ജൈവവൈവിധ്യ സംരക്ഷണത്തിനായി നടത്തുന്ന പ്രവർത്തനങ്ങളെ സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ കുറച്ച് ദിവസങ്ങൾക്കുമുമ്പാണ് എന്റെ നിയോജകമണ്ഡലത്തിലെ നേര്യമംഗലം വില്ലാഞ്ചിറയിൽ, കൊച്ചി-ധനുഷ്കോടി ദേശീയപാതയിൽ ഓടിക്കൊണ്ടിരുന്ന കാറിനുമുകളിൽ ഒരു വൻമരം വീണ് ഇടുക്കി സ്വദേശിയായ ജോസഫ് എന്ന വ്യക്തി മരിച്ചത്. അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്ന മൂന്നുപേർക്കും ഗുരുതരമായ പരിക്കേറ്റു. അദ്ദേഹത്തിന്റെ മൃതശരീരം വാഹനത്തിൽനിന്നും പുറത്തെടുക്കാൻ ഏറെ സമയമെടുത്തു. ഇതേ പഞ്ചായത്തിലെ, കവളങ്ങാട് പഞ്ചായത്തിലെ നെല്ലിമറ്റത്ത് ഒൻപത് വർഷങ്ങൾക്കുമുമ്പ് സ്കൂൾ ബസ്സിനുമുകളിൽ വലിയ മരം വീണ് അഞ്ച് കുട്ടികളുടെ ജീവൻ നഷ്ടപ്പെടുന്ന സാഹര്യമുണ്ടായി. നേര്യമംഗലത്തെ ഈ വിഷയത്തിനുശേഷം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടുവരുകയും അദ്ദേഹം ഇടപെടുകയും പാഴ്മരങ്ങളടക്കമുള്ള കുറെ മരങ്ങൾ ഈ പ്രദേശത്തുനിന്നും മുറിച്ചുമാറ്റുകയും

ചെയ്തിട്ടുണ്ട്. എന്നാൽ ഇനിയും ഇതിനുസമാനമായ വിഷയങ്ങൾ കൊച്ചി-ധനുഷ്കോടി ദേശീയപാതയിലും ഇടുക്കി റോഡിലുമടക്കം കേരളത്തിന്റെ പല പ്രദേശങ്ങളിലും വനഭൂമിയോട് ചേർന്ന പ്രദേശങ്ങളിലുമുണ്ടെന്നത് വസ്തുതയാണ്. ഇനിയും അത്തരത്തിലുള്ള മരങ്ങൾ നിൽക്കുന്നുണ്ട്. പ്രത്യേകിച്ച്, കാലാവസ്ഥ കൂടുതൽ പ്രതികൂലമായി മാറുമെന്ന മുന്നറിപ്പുകൾ വരുന്ന സാഹചര്യത്തിൽ ഇതുപോലെയുള്ള പാഴ്മരങ്ങളുടെയും അപകടകരമായി നിൽക്കുന്ന മരങ്ങളുടെയും ശിഖരങ്ങളുൾപ്പെടെ അടിയന്തരമായി മുറിച്ചുമാറ്റുന്നതിനുവേണ്ട ശക്തമായ ഇടപെടലുണ്ടാകുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, കാലവർഷക്കാലത്ത് ഗുരുതരമായ ദുരന്തങ്ങളുണ്ടാക്കുമെന്ന കാലാവസ്ഥാ മുന്നറിയിപ്പ് ഗവേഷണ കേന്ദ്രം നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, റോഡിന് ഇരുവശത്തുമുള്ള അപകടകാരിയായ വൃക്ഷങ്ങൾ മുറിച്ചുമാറ്റണമെന്ന നിർദേശം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയിരുന്നു. അതുസംബന്ധിച്ച് ചർച്ച ചെയ്യുന്നതിനിടയിലാണ് ബഹുമാനപ്പെട്ട അംഗത്തിന്റെ നാട്ടിൽ ദൗർഭാഗ്യകരമായ ടി സംഭവമുണ്ടായത്. റോഡിലൂടെ ഓടിക്കൊണ്ടിരുന്ന കാറിനുമുകളിൽ മരം വീണ് ഒരാൾ മരിക്കുകയും

മറ്റുള്ളവർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ അടിയന്തരമായി ഇടപെടലുകൾ നടത്തി മരങ്ങൾ മുറിച്ച് മാറ്റിക്കൊണ്ടിരിക്കുകയാണ്. ഇനിയും ഇത്തരത്തിലുള്ള മരങ്ങൾ ബാക്കിയുണ്ടെങ്കിൽ, തീർച്ചയായും ഈ രണ്ട് റോഡുകളിലെയും അപകടകാരിയായ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് നിയമപരമായ നടപടികൾ സ്വീകരിക്കുമെന്ന് ഉറപ്പുനൽകുന്നു.

ശ്രീ. റോജി എം. ജോൺ: സർ, എന്റെ നിയോജകമണ്ഡലത്തിലെ മലയാറ്റൂർ - ഇല്ലിത്തോട് പ്രദേശത്ത് ഇന്ന് രാവിലെ 4.00 മണിയോടുകൂടി 20 ആനകളാണ് ജനവാസ മേഖലയിലിറങ്ങി പ്രശ്നമുണ്ടാക്കിയത്. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കുൾപ്പെടെ അറിയാം. അതിലെ കുട്ടിയാന ചെറിയ കിണറ്റിൽ വീണു. ആളുകളെല്ലാം ആ പ്രദേശത്ത് കൂടുകയും ആനകൾ ആളുകളെ ഓടിക്കുകയും അതിലൊരാൾക്ക് ഗുരുതരമായ പരുക്കേൽക്കുകയും ചെയ്തു. ആളുകളെല്ലാം ഇപ്പോഴും വലിയ പ്രതിഷേധത്തിലാണ്. ഇത് ഒറ്റപ്പെട്ട സംഭവമല്ല, നിരന്തരമായി സംഭവിക്കുന്നതാണ്. കഴിഞ്ഞ ദിവസം പ്ലാന്റേഷനിൽ ആന ഇറങ്ങുകയും അവിടെ ആകെയുണ്ടായിരുന്ന ഒരു റേഷൻ

കട പൂർണ്ണമായും ചവിട്ടി നശിപ്പിക്കുകയും ചെയ്തു. നിരന്തരമായി ഇത്തരത്തിലുള്ള പ്രശ്നങ്ങൾ മലയാറ്റൂർ, അയ്യമ്പുഴ, കറുകുറ്റി, മൂക്കന്നൂർ പ്രദേശങ്ങളിലെല്ലാം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ആളുകൾ വലിയ തോതിലുള്ള പ്രതിഷേധങ്ങൾ അവിടെ നടത്തുകയാണ്. അതുസംബന്ധിച്ച വാർത്ത ബഹുമാനപ്പെട്ട മന്ത്രി അറിഞ്ഞിട്ടുണ്ടാകുമെന്ന് ഞാൻ വിചാരിക്കുന്നു. ആന ഒന്നും രണ്ടുമായിട്ടല്ല, പതിനഞ്ചും ഇരുപതുമായി കൂട്ടമായി വന്നാണ് ജനവാസ മേഖലകളിൽ പ്രശ്നമുണ്ടാക്കുന്നത്. ഈ വിഷയവുമായി ബന്ധപ്പെട്ട് ആളുകൾ വനം വകുപ്പ് ഉദ്യോഗസ്ഥരെയുൾപ്പെടെ അവിടെ തടഞ്ഞുവച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ഇടപെടുമോ; ജില്ലാ കളക്ടറെയോ വനം വകുപ്പിലെ ഉത്തരവാദിത്വപ്പെട്ട ആളുകളെയോ ആ പ്രദേശത്തേയ്ക്ക് അയച്ച് ഈ വിഷയത്തിന് പരിഹാരം കാണാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഇടപെടലുണ്ടാകുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഇന്ന് പുലർച്ചെ ഉണ്ടായ സംഭവമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. അത് ശ്രദ്ധയിൽപ്പെട്ടിരുന്നു. പക്ഷെ

ഈ പ്രയാസത്തിനിടയിലും നാം കണ്ട മനോഹരമായ ദൃശ്യം ആ കുട്ടിയാനയെ അമ്മ ആനയാണ് രക്ഷിച്ചത് എന്നതാണ്. അത് അസാധാരണമായതും ശ്രദ്ധേയവുമായൊരു കാര്യമാണ്. അവിടെയുണ്ടായ സംഭവത്തിൽ വനം വകുപ്പ് ഇടപെടുകയും കാട്ടാനകളെ കാട്ടിനുള്ളിലേയ്ക്ക് തിരിച്ചയയ്ക്കുന്നതിനുള്ള നടപടികൾ തുടർന്നുകൊണ്ടിരിക്കുകയുമാണ്. എന്നാൽ അവിടത്തെ ജനങ്ങൾക്ക് അതിലൊന്നും തൃപ്തിയില്ലെന്ന നിലയാണ് വന്നിട്ടുള്ളത്. അവരുമായി ചർച്ച ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്നതുപോലെ, അവിടെ ഫെൻസിംഗുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകിയതായി അങ്ങുതന്നെ കഴിഞ്ഞ ദിവസം സഭയിൽ പറഞ്ഞിട്ടുള്ളതാണ്. ആ നടപടികളുമായി മുന്നോട്ടുപോകുകയും അവരെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും എന്തെങ്കിലും ഉദാസീനത ഉണ്ടായിട്ടുണ്ടെങ്കിൽ അതിന് പരിഹാരം കാണുന്നതിനുള്ള ശ്രമങ്ങൾ നടത്തും. ഇപ്പോൾ വനം വകുപ്പിലെ ചീഫ് വൈൽഡ് ലൈഫ് വാർഡൻ ആ പ്രശ്നത്തിലിടപെട്ടുകൊണ്ട് നടപടികൾ സ്വീകരിച്ചുവരികയാണ്.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, വനവൈവിധ്യ സംരക്ഷണത്തിന് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്ന നടപടികൾ സ്വാഗതാർഹമാണ്. വന സംരക്ഷണത്തിന്റെ ഭാഗമായി കേരളത്തിലെ നിരവധി ഏക്കർ ഭൂമി വനം വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. ഏറ്റെടുത്ത ഭൂമിയിൽ തേയില, റബ്ബർ, കാപ്പി, കുരുമുളക് തുടങ്ങിയ ഉൽപ്പന്നങ്ങളുമുണ്ട്. ഇത്തരം ഉൽപ്പന്നങ്ങൾ സംരക്ഷിക്കുന്നതിനും അത് സംസ്ഥാനത്തിന് ഉപയോഗപ്പെടുന്ന രീതിയിലുള്ള നിലപാടുകൾ സ്വീകരിക്കുന്നതിനും വന വികസന കോർപ്പറേഷനെ ശക്തിപ്പെടുത്തിക്കൊണ്ട് മുഖ്യമായ ഈ പ്രശ്നം സാമൂഹികാവശ്യമെന്ന നിലയിൽ പരിഹരിക്കുന്നതിനുള്ള നിലപാട് വനം വകുപ്പ് സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ, വനവിസ്തൃതി വർധിപ്പിക്കുന്നതിന്റെ ഭാഗമായി ഏറ്റെടുത്തുക്കൊണ്ടിരിക്കുന്ന ഭൂമിയിൽ പലതും തോട്ടങ്ങളുമായി ബന്ധപ്പെട്ടതാണ്. അങ്ങനെ ഏറ്റെടുക്കേണ്ടതായി വരുമ്പോൾ തോട്ടങ്ങൾ സ്വാഭാവികമായും വനം വകുപ്പിന്റേതായി മാറുന്നുണ്ട്. വനം വകുപ്പിന്

തോട്ടങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിലും അതിന്റെ നടപടികൾ ത്വരിതപ്പെടുത്തുന്ന കാര്യത്തിലും വേണ്ടത്ര പരിചയമോ പക്വതയോയില്ല. ആ മേഖലയിൽ അവർ പ്രവർത്തിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ, ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനെക്കൊണ്ട് ഇത്തരം കാര്യങ്ങളിൽ ഇടപെടാൻ സാധിക്കുമോയെന്നാണ് പരിശോധിക്കേണ്ടത്. ഒന്നുരണ്ട് സ്ഥലങ്ങളിൽ അത് പരിശോധിച്ചെങ്കിലും അതും ലാഭകരമായി നടത്താൻ കഴിയുന്നില്ലെന്ന അവസ്ഥയാണ് മുമ്പിലുള്ളത്. പക്ഷെ കാര്യക്ഷമത വർധിപ്പിച്ചാൽ ലാഭകരമാക്കാൻ സാധിക്കുമോയെന്ന പരീക്ഷണം നടത്തേണ്ടത് അനിവാര്യമാണ്. ആ അനിവാര്യതയുമായി ബന്ധപ്പെട്ട് ആവശ്യമായ ചർച്ചകൾ നടത്തുന്നതാണ്. ബഹുമാനപ്പെട്ട അംഗത്തിന്റെ ഉപദേശവും ആ ഘട്ടത്തിൽ ആരായുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കഴിഞ്ഞ 10 വർഷത്തിനിടയിൽ എലിഫെന്റ് സർവെ നടത്തിയിട്ടുണ്ടോ; അതിനകത്ത് എത്ര വർധനവുണ്ടായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; കാട്ടാനകളെ പിടിക്കാനും

കുങ്കിയാനകൾ മുഖേന അതിനെ നാട്ടാനയാക്കി മാറ്റുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; കോന്നിയിലും മറ്റ് ആന പരിശീലന കേന്ദ്രങ്ങളിലും ഇപ്പോൾ എത്ര ആനകൾ പരിശീലനത്തിലുണ്ട്? നമ്മുടെ നാട്ടിൽ നാട്ടാനകളുടെ എണ്ണം വളരെ കുറയുകയാണ്. ബീഹാറിൽനിന്നും രാജസ്ഥാനിൽനിന്നും മറ്റും വരുന്ന ആനകളാണ് നിലവിൽ നാട്ടാനകളായി നിൽക്കുന്നത്. അതുകൊണ്ട് കാട്ടിൽ വരുന്ന അധിക ആനകളെ നാട്ടാനകളാക്കി മാറ്റുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട അംഗം നിരവധി കാര്യങ്ങളാണ് പറഞ്ഞത്. അതിനെല്ലാം എങ്ങനെയാണ് മറുപടി പറയുന്നത്. ബഹുമാനപ്പെട്ട കോട്ടയം അംഗം അങ്ങനെ മാത്രമേ ചോദിക്കുകയുള്ളൂ. കാട്ടാനകളെ സംബന്ധിച്ച സർവെ 2022-ൽ കേരളം, തമിഴ്നാട്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങൾ സംയുക്തമായി നടത്തിയിട്ടുണ്ട്. ആ കണക്കുകളുടെ റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചിട്ടില്ല. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെയല്ല, അനിയന്ത്രിതമായ വർദ്ധനവുണ്ടായിട്ടില്ലെന്നാണ് പ്രാഥമിക റിപ്പോർട്ടിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത്. അതുസംബന്ധിച്ച

നടപടികൾ പരിശോധിച്ചുവരികയാണ്. കാട്ടാനകളെ നാട്ടാനകളാക്കുന്നതിനുവേണ്ടി, വനത്തിൽനിന്നും അക്രമകാരികളായ കാട്ടാനകളെ പിടിച്ചാൽ ആനപരിപാലന കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുകയാണ് ചെയ്യുന്നത്. ധോണി, തിരുവനന്തപുരത്തെ നെയ്യാർ തുടങ്ങിയ പ്രദേശങ്ങളിലാണ് അയയ്ക്കുന്നത്. സ്വാഭാവികമായും അവ കുങ്കിയാനകളായി മാറും. കോന്നിയിൽനിന്നും പിടിച്ച ആനയാണ് നിലവിൽ ഏറ്റവും പ്രശസ്തമായ രീതിയിൽ കുങ്കിയാനയുടെ റോൾ നിർവ്വഹിച്ചുകൊണ്ട് ചിന്നക്കനാലിൽ ആ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. അത് അനിയന്ത്രിതമായി നടത്താൻ സാധിക്കില്ല. വളരെ സൂക്ഷിച്ചും കരുതലോടെയും പടിപടിയായി മാത്രമേ അത്തരം കാര്യങ്ങൾ ചെയ്യാൻ സാധിക്കുകയുള്ളൂ.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സംസ്ഥാനത്ത് പുതിയതായി ആർ.ആർ.ടി.-കൾ അനുവദിക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. അതിലൊരെണ്ണം എന്റെ നിയോജകമണ്ഡലത്തിലെ വണ്ടൻപതാൽ കേന്ദ്രമാക്കി ആരംഭിക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. അതിന്റെ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കുമോ? എന്റെ നിയോജകമണ്ഡലത്തിലെ

വനമേഖലയുമായി അതിർത്തിയുള്ള പ്രദേശങ്ങളിൽ ഹാൻഗിംഗ് ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള ഫണ്ട് ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. അതിന്റെ തുടർനടപടികൾ സ്വീകരിച്ച് ഫെൻസിംഗ് സ്ഥാപിക്കുന്നത് ഉടൻ ആരംഭിക്കുമോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യം, ഇന്ന് വന്ന ചോദ്യത്തിന്റെ സ്പിരിറ്റുമായി യോജിക്കുന്നതല്ല. ഇന്ന് വന്ന ചോദ്യം തികച്ചും വ്യത്യസ്തമാണ്. പ്രകൃതിയെ സംരക്ഷിക്കുന്ന, ജൈവവൈവിധ്യ മേഖലയെ സംരക്ഷിക്കുന്ന, ഇക്കോ സിസ്റ്റത്തെ ബാധിക്കുന്ന ചോദ്യങ്ങളാണ് ഞാൻ പ്രതീക്ഷിച്ചത്. എന്നിരുന്നാലും ബഹുമാനപ്പെട്ട അംഗം ഈ സഭയിൽ ഉന്നയിച്ച സാഹചര്യത്തിൽ, ആർ.ആർ.ടി.-കളെ അനുവദിച്ചുകൊണ്ട് ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഞങ്ങൾ 10-12 എണ്ണം ആവശ്യപ്പെട്ടെങ്കിലും ഇന്നത്തെ സാഹചര്യത്തിൽ ഏഴെണ്ണമാണ് അനുവദിച്ചത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഉദാരമായ നയം സ്വീകരിക്കുമെങ്കിൽ ഒരു മൂന്നുനാലെണ്ണംകൂടി ലഭിച്ചാൽ അംഗങ്ങളുടെ പരാതികൾക്ക് പരിഹാരം കാണാൻ കഴിയുമെന്നാണ് ഞാൻ കരുതുന്നത്.

ഇക്കാര്യത്തിൽ അങ്ങയുടെ സവിശേഷ പരിഗണനയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ ഇതിനകംതന്നെ ഫെൻസിംഗുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ നേരത്തെയുള്ളതുപോലെയല്ല, വലിയ മാറ്റം വനമേഖലയിലുണ്ടായിട്ടുണ്ട്. ഉദ്യോഗസ്ഥർ നല്ല നിലയിൽ കഴിവിനൊത്ത് പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ ദിവസം ഒരു അംഗം ചൂണ്ടിക്കാണിച്ചതുപോലെ, അവർക്കാവശ്യമായ ഉപകരണങ്ങളും സഹായങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലായിരുന്നു. ആ നടപടികളിലേയ്ക്കും ഇപ്പോൾ പോയിട്ടുണ്ട്. വനസേനയെയും വനമേഖലയെയും ശക്തിപ്പെടുത്തി കർഷകരുടെ താൽപര്യം സംരക്ഷിക്കുന്ന വിധത്തിലുള്ള നടപടികൾക്ക് എല്ലാ പരിഗണനയും നൽകിക്കൊണ്ട് ഈ സർക്കാർ മുന്നോട്ടുപോകുമെന്ന് സഭയ്ക്ക് ഉറപ്പുനൽകുന്നു.

ശ്രീ. എം. രാജഗോപാലൻ: സർ, തൃക്കരിപ്പൂർ മണ്ഡലത്തിലെ കവ്വായിക്കായലും പരിസരവും ജൈവ വൈവിധ്യങ്ങളുടെ കലവറയാണ്. ഈ കായലിലെ പ്രധാന ദ്വീപായ എടയിലക്കാട് ദ്വീപിൽ വളരെ അപൂർവങ്ങളിൽ അപൂർവങ്ങളായ സസ്യസമ്പത്തും കായലിൽ വൈവിധ്യങ്ങളായ

മത്സ്യസമ്പത്തുംകൊണ്ട് സമ്പന്നമാണ്. ഇവ സംരക്ഷിക്കുന്നതിന് നേരത്തെ റാംസർ സൈറ്റിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനം CWRDM-ന്റെ നേതൃത്വത്തിൽ നടത്തിയിരുന്നു. കായലിനെയും ദ്വീപിനെയും സംരക്ഷിക്കാനാവശ്യമായ തുടർനടപടികൾ സ്വീകരിക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം പ്രത്യേകമായി പരിഗണിക്കുകയും പരിശോധിക്കുകയും ചെയ്യാം.

ശ്രീ. സണ്ണി ജോസഫ്: സർ, പരിസ്ഥിതിലോല പ്രദേശങ്ങൾ സംബന്ധിച്ച് കേരളം സമർപ്പിച്ചിട്ടുള്ള ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ട് ഇപ്പോഴും കേന്ദ്രം അംഗീകരിച്ചിട്ടുണ്ട്. അത് 2022 ജൂലൈ 6-ലെ ഉത്തരവിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. പക്ഷേ കേരള സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള നിർദ്ദേശത്തിൽ അങ്ങനെ ചെയ്തിട്ടില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. അത് ശരിയല്ല, 2022-ലെ ഉത്തരവ് ശരിക്കും വായിച്ചാൽ അത് മനസ്സിലാകും. The Statewise area of Western Ghats Eco-sensitive area except for State of Kerala.

മി. സ്പീക്കർ: ഉത്തരവ് വായിക്കണ്ട, ഇത് ചോദ്യോത്തരവേളയാണ്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, അതുകൊണ്ട് കേരളത്തിന്റെ ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ട് ഇപ്പോഴും കേന്ദ്രം അംഗീകരിച്ചിട്ടുണ്ടെന്ന വസ്തുത മനസ്സിലാക്കി അതിന് അന്തിമ തീരുമാനമുണ്ടാക്കാനുള്ള നടപടികൾ ഉചിതമായി നിയമാനുസൃതമായി വസ്തുനിഷ്ഠമായി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഈ ചോദ്യം പരിസ്ഥിതി മന്ത്രാലയവുമായി ബന്ധപ്പെട്ടതാണ്. ഉമ്മൻ വി. ഉമ്മൻ കമ്മീഷന്റെ നിയമനത്തെത്തുടർന്ന് അവർ കണ്ടെത്തിയ നിഗമനങ്ങളെക്കുറിച്ച് മലയോര മേഖലയിൽ വലിയ പ്രതിഷേധവും ശബ്ദവുമുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കേരള നിയമസഭ എം.എൽ.എ.-മാരുടെ ഒരു പ്രത്യേക സംഘത്തെ നിയോഗിച്ചിരുന്നു. ആ സംഘം പ്രത്യേക പ്രദേശങ്ങളിൽപ്പോയി മേഖലകളായി തിരിച്ച് അവിടം സന്ദർശിച്ച് ജനങ്ങളുടെ അഭിപ്രായം ആരായുകയും നിഗമനങ്ങളിലെത്തിച്ചേരുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് സമർപ്പിച്ചിട്ടില്ലായെന്നല്ല, അത് ആ നിലയിൽ നിൽക്കുകയാണ്. പക്ഷേ അതിനിടയിൽ ഇ.എഫ്.എൽ.-മായും ഇ.എസ്.ഇസഡ്-മായും ഇ.എസ്.എസ്.-മായി ബന്ധപ്പെട്ട് നിരവധി ഉത്തരവുകൾ ബഹുമാനപ്പെട്ട

കോടതികളിൽനിന്നുമുണ്ടായതിന്റെ അടിസ്ഥാനത്തിലുള്ള പ്രശ്നങ്ങൾ നാം കണ്ടിട്ടുള്ളതാണ്. അതിലൊന്നാണ് ബഫർ സോണുമായി ബന്ധപ്പെട്ട പ്രശ്നം. ആ പ്രശ്നത്തിന് ശാശ്വതമായ പരിഹാരമുണ്ടാക്കിയിട്ടുണ്ട്. ഇ.എഫ്.എൽ.-മായി ബന്ധപ്പെട്ട കാര്യത്തിൽ വീണ്ടും കുറെ വിശദീകരണങ്ങൾ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ആവശ്യപ്പെട്ടിരിക്കുകയാണ്. ആ കാര്യത്തിൽ കേരളത്തിലെ പരിസ്ഥിതി മന്ത്രാലയം ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, ലോക പൈതൃക ഭൂപടത്തിൽ ഉൾപ്പെട്ടതാണ് പശ്ചിമഘട്ട മലനിര. അത് ജൈവവൈവിധ്യങ്ങളുടെ കലവറയുമാണ്. അതിന്റെ ഭാഗമായിട്ടുള്ളതാണ് പറമ്പിക്കുളം നെല്ലിയാമ്പതി മേഖല. പറമ്പിക്കുളം മേഖലയിലെ സ്വാഭാവിക വനങ്ങളെ വെട്ടിമാറ്റി അവിടെ തേക്ക് പ്ലാന്റ് ചെയ്തു. ഒരു തേക്കിന്റെ കാലാവധി 40 വർഷമാണ്. പ്രായപരിധി കഴിഞ്ഞ തേക്കിനടിയിൽ  ഒരു പക്ഷിക്കോ അല്ലെങ്കിൽ വന്യമൃഗങ്ങൾക്കോ ഒരു തീറ്റയും ലഭിക്കില്ല, കുടിക്കാനുള്ള വെള്ളംപോലും നഷ്ടപ്പെടുകയാണ്. അത്തരം തേക്ക് പ്ലാന്റ് വെട്ടിയാൽ സർക്കാരിന്റെ സാമ്പത്തിക പ്രയാസവും അതുപോലെ ആദിവാസി ഊരുകളിലുള്ള മനുഷ്യർക്കുള്ള തൊഴിലും ലഭ്യമാക്കാൻ കഴിയും.

അത്തരത്തിൽ പ്രായപരിധി കഴിഞ്ഞ വൻമരങ്ങളെ വെട്ടിമാറ്റി സ്വാഭാവിക വനവൽക്കരണത്തിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, തേക്ക് മരങ്ങൾ വനങ്ങളിൽ വച്ചുപിടിപ്പിക്കാനിടയായത് നമ്മുടെ വ്യാവസായികാവശ്യങ്ങൾ മുന്നിൽക്കണ്ടുകൊണ്ടാണ്. കേരളത്തിൽ പ്രത്യേകിച്ചും മലബാർ മേഖലയിലെ ഏറ്റവും വലിയ വ്യവസായം തടി വ്യവസായമായിരുന്നു. അത് സർക്കാരിന്റെ സാമ്പത്തിക വരുമാനത്തിൽ ഗണ്യമായ പങ്കും വഹിച്ചിരുന്നു. പിൽക്കാലത്ത് അതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തേണ്ടിവന്നു. അന്ന് ക്ലിയർ ഫെല്ലിംഗ് എന്നൊരു സംവിധാനം നമ്മുടെ നാട്ടിലുണ്ടായിരുന്നു. ആ സംവിധാനം ഒരു ഘട്ടത്തിൽ നിർത്തലാക്കിയത് 2016-നുശേഷം അധികാരത്തിൽവന്ന സർക്കാരാണെന്ന് താങ്കൾ പറയുകയില്ലെന്ന് തോന്നുന്നു. അത് നേരത്തെയുള്ള കാര്യമാണ്, അന്നത്തെ സാഹചര്യത്തിലെടുത്തിട്ടുള്ള തീരുമാനമാണ്. തേക്ക്, അക്കേഷ്യ, മാഞ്ചിയം, സെന്ന തുടങ്ങിയവയെല്ലാം ഭൂമിയുടെ ജലസ്രോതസ്സിനെ വല്ലാതെ ചൂഷണം ചെയ്ത് ഭൂപ്രദേശങ്ങളെ മരുഭൂമിക്ക് തുല്യമാക്കി മാറ്റുന്നുവെന്ന് പിൽക്കാലത്ത് പല പഠനങ്ങളും തെളിയിച്ചിട്ടുണ്ട്. ഒരു തേക്കിന്റെ ചുവട്ടിൽ ഒരു

പുല്ലുപോലും മുളയ്ക്കുകയില്ല. ആ സാഹചര്യത്തിൽ ഭൂമിയുടെ ഊഷരത നഷ്ടപ്പെടാനിടയാകുന്ന ഫലവൃക്ഷങ്ങളായാലും മറ്റ് വൃക്ഷങ്ങളായാലും നശിപ്പിക്കപ്പെടേണ്ടതാണെന്ന നിഗമനത്തിൽ എത്തിച്ചേർന്നിട്ടുണ്ട്. അതുകൊണ്ടുതന്നെ പടിപടിയായി അത് വെട്ടിമാറ്റുന്നതോടൊപ്പം സ്വാഭാവിക വനങ്ങളെന്ന പേരിൽ വിളിക്കാവുന്ന വൃക്ഷങ്ങൾ നട്ടുവളർത്തുകയും ചെയ്യണം. അത് നേരത്തെ സൂചിപ്പിച്ചിരുന്നു. അത് ഒരു വർഷംകൊണ്ടോ രണ്ടുവർഷംകൊണ്ടോ പൂർത്തിയാകുന്ന പ്രക്രിയയല്ല. ദീർഘകാലാടിസ്ഥാനത്തിൽ ചെയ്ത് പൂർത്തിയാക്കേണ്ട പ്രക്രിയയാണ്. ആ പ്രക്രിയയ്ക്ക് ഇതിനകംതന്നെ തുടക്കം കുറിച്ചുകഴിഞ്ഞിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട അംഗത്തെ ഈ സഭയിലൂടെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

## മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതികൾ

2 (*512) <u>ശ്രീ. വി. കെ. പ്രശാന്ത്</u>:
<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ചുമതലപ്പെടുത്തിയ പ്രകാരം</u>
(<u>ശ്രീ. കെ. ആൻസലൻ</u>):
<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>:

<u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് ആവിഷ്കരിച്ചിരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ ഇതുവരെ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(സി) 2011-16 കാലത്തെ സർക്കാർ പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് എത്ര കോടി രൂപ അനുവദിച്ചിരുന്നു; അതിൽ എത്ര കോടി രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികൾക്കായി 2016 മുതൽ നാളിതുവരെ എത്ര കോടി രൂപ അനുവദിക്കുകയും എത്ര കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്; വിശദാംശം നൽകാമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് തൊഴിലും വരുമാനവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കൈത്താങ്ങ് എന്ന നിലയിൽ ജീവനോപാധി നഷ്ടപരിഹാരമായി 106.93 കോടി രൂപ ഇതിനോടകംതന്നെ വിതരണം ചെയ്തുകഴിഞ്ഞു. LIAC അപ്പീൽ കമ്മിറ്റി അംഗീകരിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നാളിതുവരെ വിതരണം ചെയ്ത ജീവനോപാധി നഷ്ടപരിഹാരത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | മത്സ്യബന്ധന വിഭാഗം | ഗുണഭോക്താക്കളുടെ എണ്ണം | നൽകിയ നഷ്ടപരിഹാരത്തുക (കോടിയിൽ) |
|---|---|---|---|
| 1 | ചിപ്പിത്തൊഴിലാളികൾ | 262 | 12.36 |
| 2 | കരമടി ഉടമസ്ഥരും തൊഴിലാളികളും | 915 | 54.81 |
| 3 | കരമടി അനുബന്ധ സ്ത്രീ ചുമട്ടുതൊഴിലാളികൾ | 11 | 0.11 |
| 4 | കട്ടമരം ഉടമസ്ഥർ | 45 | 1.89 |
| 5 | മണ്ണെണ്ണ ആനുകൂല്യം | 1221 | 31.57 |
| 6 | റിസോർട്ട് തൊഴിലാളികൾ | 211 | 6.08 |
| 7 | സ്വയം സഹായ | 33 | 0.08 |

| | | | |
|---|---|---|---|
| | സംഘങ്ങൾ | | |
| | **Total** | **2697** | **106.93** |

പദ്ധതി പ്രദേശത്തെ ജനങ്ങളുടെ ഉന്നമനത്തിനായി നിരവധി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ സർക്കാർ - VISL - കരാർ കമ്പനി എന്നിവർ ചേർന്ന് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഇതിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

- കുടിവെള്ള വിതരണം
- നൈപുണ്യ വികസന പരിശീലന കേന്ദ്രം (ASAP)
- ഗംഗയാർ തോടിന്റെ ശുചീകരണം
- ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികൾ (MRF)
- ആരോഗ്യ പരിപാലനം
- പകൽവീട്
- കളിസ്ഥലം
- മത്സ്യബന്ധന തുറമുഖ വികസനവും നവീകരണവും
- സീഫുഡ് പാർക്ക്

ഇത്തരം കാര്യങ്ങളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. ചിലത് മുന്നോട്ടുപോകുകയാണ്.

(ബി)

1. വിഴിഞ്ഞം പ്രദേശത്ത് ശുദ്ധജല വിതരണം ഉറപ്പാക്കുന്നതിനായി 7.3 കോടി രൂപ ചെലവിൽ പ്രതിദിനം 3.3 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണശാല സ്ഥാപിച്ച് ശുദ്ധജല വിതരണം നടത്തിവരുന്നു. കൂടാതെ, 1.74 കോടി രൂപ ചെലവിൽ പദ്ധതി പ്രദേശത്തെ ഭൂരിഭാഗം വീടുകളിലും (1000-ലധികം) സൗജന്യ ജലവിതരണ കണക്ഷൻ നൽകിക്കഴിഞ്ഞു.
2. കേരള സർക്കാരിന്റെ നൈപുണ്യ വികസന പരിശീലന കേന്ദ്രം (ASAP) കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ASAP-ന്റെ ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്.
3. മാലിന്യം നിറഞ്ഞ് സ്വാഭാവിക ഒഴുക്ക് തടസ്സപ്പെട്ട പദ്ധതി പ്രദേശത്തെ ഗംഗയാർ തോടിലെ മാലിന്യങ്ങൾ നീക്കംചെയ്ത് ഗംഗയാറിന്റെ സ്വാഭാവിക നീരൊഴുക്ക് നിലനിർത്തുന്നതിനായുള്ള സമഗ്ര പദ്ധതി 1.18 കോടി രൂപ ചെലവിൽ നടപ്പിലാക്കിയിട്ടുണ്ട്.

4. പദ്ധതി പ്രദേശത്തെ മാലിന്യ നിർമ്മാർജ്ജനത്തിനായി വിപുലമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് അനുവദിച്ച സ്ഥലത്ത് VISL-ന്റെയും AVPPL-ന്റെയും ചെലവിൽ ഒരു അജൈവ ഖരമാലിന്യ സംസ്കരണകേന്ദ്രം (MRF) സ്ഥാപിക്കുന്നതിനായുള്ള പദ്ധതി തിരുവനന്തപുരം കോർപ്പറേഷൻ, ക്ലീൻ കേരള കമ്പനി, SEUF എന്നിവർ ചേർന്ന് നടപ്പിലാക്കിവരുന്നു. കോർപ്പറേഷന്റെ മേൽനോട്ടത്തിൽ തുടർപരിപാലനം നടത്തുന്നതാണ്. ഖരമാലിന്യ സംസ്കരണ കേന്ദ്രത്തിന്റെ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചുകഴിഞ്ഞു. യന്ത്രസാമഗ്രികൾ തിരുവനന്തപുരം കോർപ്പറേഷൻ, ക്ലീൻ കേരള കമ്പനി മുഖാന്തരം ഉടൻ സ്ഥാപിച്ച് പ്രവർത്തനം തുടങ്ങുന്നതാണ്.
5. നിലവിലെ വിഴിഞ്ഞം കമ്യൂണിറ്റി ഹെൽത്ത് സെന്ററിനെ (CHC) 100 കിടക്കകളുള്ള ഒരു താലൂക്കാശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനായുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. കൂടാതെ, കോട്ടപ്പുറം കുടുംബാരോഗ്യ കേന്ദ്രത്തിനോടുചേർന്ന് തിരുവനന്തപുരം കോർപ്പറേഷൻ ഒരു ഹെൽത്ത് വെൽനെസ് സെന്റർ സ്ഥാപിച്ചുകഴിഞ്ഞു.

6. വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായി കോട്ടപ്പുറത്ത് ഒരു പകൽ വീട് സ്ഥാപിക്കുന്നതിന് ഒരു പദ്ധതി ഫിഷറീസ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇതിനനുയോജ്യമായ സ്ഥലം വാങ്ങുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
7. പദ്ധതി പ്രദേശത്തിനുസമീപം കായികാടിസ്ഥാന സൗകര്യങ്ങളോടുകൂടിയ കളിസ്ഥലം നിർമ്മിക്കുന്നതിനായുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഭരണാനുമതി ലഭ്യമായിട്ടുണ്ട്. HED-യുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് SKF മുഖാന്തരം പദ്ധതി നടപ്പിലാക്കുന്നതാണ്.
8. നിലവിലെ മത്സ്യബന്ധന തുറമുഖം ആധുനികവൽക്കരിച്ച്, ആവശ്യമായ സൗകര്യങ്ങളോടുകൂടിയും ആവശ്യമായ അധിക ഫിഷ് ലാൻഡിംഗ് സൗകര്യങ്ങളും ബർത്തുകളും അനുബന്ധ സൗകര്യങ്ങളും സ്ഥാപിക്കാനുള്ള പദ്ധതി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്/GoK, VISL എന്നിവർ ചേർന്ന് നടപ്പിലാക്കുന്നതാണ്. ഇതിനായി രണ്ട് പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന ഫിഷ് ലാൻഡിംഗ് സെന്ററും തുറമുഖ സൗകര്യങ്ങളും ഗുണഭോക്താക്കളുമായി

ചർച്ച നടത്തി തീരുമാനം എടുത്താലുടൻ തുടർനടപടി സ്വീകരിക്കുന്നതാണ്.

9. തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ കോട്ടപ്പുറത്ത് ഒരു സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായി VISL-ന്റെ സ്ഥലം അടയാളപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 2011-2016 കാലത്തെ സർക്കാർ പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് 7,82,96,400/- രൂപ അനുവദിക്കുകയും അതിൽ 7,82,96,400/- രൂപ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് മുഖേന ചെലവഴിക്കപ്പെട്ടിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതികൾക്കായി 2016 മുതൽ നാളിതുവരെ 101,70,67,120/- രൂപ അനുവദിക്കുകയും അതിൽ 101,44,88,145/- രൂപ ചെലവഴിക്കപ്പെട്ടിട്ടുമുണ്ട്. ഇവയ്ക്കെല്ലാം പുറമെ കൺസഷണയറും ഈ കാലയളവിൽ നിരവധി സാമൂഹികക്ഷേമ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, കേരളത്തിന്റെ അഭിമാനവും സാമ്പത്തിക വളർച്ചയുടെ കേന്ദ്രവുമായി വിഴിഞ്ഞം മാറുകയാണ്. 12-ാം തീയതി അവിടെ മദർഷിപ്പ് അടക്കം വരുന്ന അഭിമാന സന്ദർഭത്തിലാണ് കേരളം ഇപ്പോഴുള്ളത്. കേരളത്തിന്റെ രക്ഷാ സൈന്യമായ വിഴിഞ്ഞത്തുൾപ്പെടെയുള്ള മത്സ്യത്തൊഴിലാളികൾ നല്ല പിന്തുണയാണ് ഈ പദ്ധതിക്ക് നൽകിവരുന്നത്. അവർക്ക് കൊടുത്തിട്ടുള്ള തുകയടക്കം അങ്ങ് ഇവിടെ വിശദീകരിച്ചു. കുറച്ച് മത്സ്യത്തൊഴിലാളികൾക്കുകൂടി ഈ ആനുകൂല്യം ലഭിക്കേണ്ടതായിട്ടുണ്ട്. അവരുടെ കാര്യത്തിൽക്കൂടി സർക്കാർ ഇടപെടുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഇതുസംബന്ധിച്ച് തെക്കുംഭാഗം ജമാഅത്തിന്റെയും കോട്ടപ്പുറം ഇടവകയുടെയും മത്സ്യത്തൊഴിലാളി സംഘടനകൾ വഴിയുമുള്ള ആവശ്യങ്ങളുണ്ട്. കഴിഞ്ഞ ആറേഴ് യോഗങ്ങൾ ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രിയും ഞാനുംകൂടി പങ്കെടുത്ത് നടത്തിയിട്ടുണ്ട്. അന്തിമമായി ഇന്നലെ വീണ്ടും യോഗം ചേർന്നു. തൊഴിലാളികൾക്ക് ന്യായമായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ സംബന്ധിച്ച് വിശദമായി ചർച്ച നടത്തുകയും അവർ പറഞ്ഞ ഏതാണ്ട് 90 ശതമാനം കാര്യങ്ങളും

അംഗീകരിക്കുന്ന നിലപാട് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സമയബന്ധിതമായി അവർ ഉന്നയിച്ചിട്ടുള്ള മറ്റ് കാര്യങ്ങൾക്ക് അംഗീകാരം നൽകുന്നതിന്റെ ഭാഗമായിട്ടുള്ള ചില ചർച്ചകൾ അവരുമായി നടത്തുന്നുണ്ട്. അവർക്ക് കൊടുക്കാനുള്ള സാമ്പത്തിക സഹായങ്ങൾ എത്രയുംവേഗം കൊടുത്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, വിഴിഞ്ഞം പദ്ധതി പ്രദേശത്ത് പദ്ധതി ബാധിതരായിട്ടുള്ള ജനങ്ങൾക്ക് ശുദ്ധജലം ഉറപ്പാക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നു. അതിന്റെ പ്രയോജനം കൃത്യമായി ലഭ്യമായിട്ടുണ്ടോയെന്നും വിഴിഞ്ഞം കമ്പനിയുടെ സി.എസ്.ആർ. ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികളെ സംബന്ധിച്ചും വിശദമാക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, വിഴിഞ്ഞം പദ്ധതി പ്രദേശത്ത് ശുദ്ധജല വിതരണം ഉറപ്പാക്കുന്നതിന് 7.3 കോടി രൂപ ചെലവിൽ 3.3 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണശാല സ്ഥാപിച്ച് ശുദ്ധജല വിതരണം നടത്തിവരുന്നു. കൂടാതെ, 1.74 കോടി രൂപ ചെലവിൽ പ്രദേശത്തെ ആയിരത്തിലധികം വരുന്ന വീട്ടുകാർക്ക് സൗജന്യ ജലവിതരണ കണക്ഷൻ നൽകിക്കഴിഞ്ഞു.

400 പേർക്ക് സംസ്ഥാന പ്ലാൻ ഫണ്ടിൽനിന്ന് തുക ചെലവഴിച്ച് സൗജന്യ കുടിവെള്ള കണക്ഷൻ നൽകുന്നതിന് കേരള വാട്ടർ അതോറിറ്റിവഴി നടപടി സ്വീകരിച്ചുവരുന്നു. സി.എസ്.ആർ. ഫണ്ടുമായി ബന്ധപ്പെട്ട കാര്യങ്ങൾ തുറമുഖ വകുപ്പാണ് കൈകാര്യം ചെയ്യുന്നത്. അക്കാര്യം അവരുമായി ആലോചിച്ച് പറയാം.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ചുമതലപ്പെടുത്തിയത് പ്രകാരം

(ശ്രീ. കെ. ആൻസലൻ): സർ, പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിലെ മത്സ്യബന്ധന തുറമുഖം നവീകരിക്കുന്നതിനും അധിക സൗകര്യം ഏർപ്പെടുത്തുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഉത്തരത്തിൽ പ്രഖ്യാപിച്ച പാക്കേജുമായി ബന്ധപ്പെട്ടുകൊണ്ട് കൊല്ലങ്കോട് പൊഴിയൂർ പ്രദേശത്തെ മത്സ്യത്തൊഴിലാളികൾ തൊഴിൽ നഷ്ടപ്പെട്ടതിന്റെ അപേക്ഷകൂടി സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയിന്മേൽ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ഇതിൽ 25 കോടി രൂപ അടങ്കൽ തുക പ്രതീക്ഷിക്കുന്ന സൗത്ത് ലാൻഡിംഗ് സെന്ററും അനുബന്ധ സൗകര്യങ്ങളും അതിന്റെ ഭാഗമായിട്ടുള്ള നടപടികളുമായി മുന്നോട്ട് പോകുകയാണ്. 48 കോടി രൂപ അടങ്കൽ പ്രതീക്ഷിക്കുന്ന മാസ്റ്റർ പ്ലാൻ ഘട്ടം 1-ൽ നോർത്ത് ഭാഗത്ത് വരുന്ന ലാൻഡിംഗ് നറീഷിംഗ് അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുന്നു. ഈ രണ്ട് പദ്ധതികളും അനുമതിക്കായി കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള ഫിഷ് ലാൻഡിംഗ് സെന്ററിന്റെയും സംവിധാനങ്ങളുടെയും നവീകരണവും കൂടാതെ പുതിയതായി നിർമ്മിക്കുന്ന ഫിഷ് ലാൻഡിംഗ് സെന്ററിന്റെ മറ്റ് പ്രവർത്തനങ്ങളും വിലയിരുത്തിക്കൊണ്ട് അതിന്റെ നടപടികളുമായി മുന്നോട്ട് പോകുകയാണ്. ഏറ്റവും വേഗം അത് നടപ്പാക്കാൻ കഴിയുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമായി വരുന്നത് നമ്മെയെല്ലാം സന്തോഷിപ്പിക്കുന്ന കാര്യമാണ്. ധാരാളംപേർ അതിനെ പാരവയ്ക്കാനും വേലവയ്ക്കാനുമെല്ലാം ശ്രമിച്ചെങ്കിലും വിഴിഞ്ഞം പദ്ധതി നമ്മുടെ ഗവൺമെന്റിന്റെ നിശ്ചയദാർഢ്യത്തിന്റെ പ്രതീകമായി മാറുകയാണ്. ആ

പദ്ധതിയുടെ പ്രവർത്തനത്തിനുവേണ്ടി ധാരാളം ത്യാഗങ്ങൾ സഹിച്ച മത്സ്യത്തൊഴിലാളികളുണ്ട്. വിഴിഞ്ഞം പദ്ധതി മേഖലയിലുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ ഭൂരഹിതരും, ഭവനരഹിതരുമുണ്ട്. അവർക്ക് ഭവന നിർമ്മാണത്തിന് പ്രത്യേക പരിഗണന നൽകുന്ന കാര്യം ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് 1565 പേരുടെ പട്ടിക ലഭിച്ചിരുന്നു. ഇതിൽ 1023 പേർ 2017, 2020 വർഷങ്ങളിലായി ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള 542 പേരെ ഉൾപ്പെടുത്തുന്നതിന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കത്ത് നൽകി. ഇതുസംബന്ധിച്ച് ചർച്ച ചെയ്തപ്പോൾ 542 പേരെക്കൂടി ഉൾപ്പെടുത്തി നിർദ്ദേശം തയ്യാറാക്കി അത് നടപ്പാക്കാൻവേണ്ടി എൽ.എസ്.ജി.ഡി. വകുപ്പുമായി കാര്യങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. അതിന്റെ സൈറ്റ് ഓപ്പൺ ആയിട്ടില്ല. സൈറ്റ് ഓപ്പണായിക്കഴിഞ്ഞാൽ ഉടൻതന്നെ അത് ചെയ്യും. തുറമുഖവുമായി ബന്ധപ്പെട്ട് നമ്മൾ സംരക്ഷിക്കേണ്ട മത്സ്യത്തൊഴിലാളികൾക്കെല്ലാം സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ടുതന്നെ

ഗവൺമെന്റ് നിലപാടുമായി മുന്നോട്ട് പോകുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

ശ്രീമതി ഒ. എസ്. അംബിക: സർ, എന്റെ ചോദ്യം വിഴിഞ്ഞം തുറമുഖം പ്രവർത്തനമാരംഭിക്കുമ്പോൾ അടിമലത്തുറയിലും സമീപ പ്രദേശങ്ങളിൽ നിന്നും മത്സ്യബന്ധനത്തിനായി പുറംകടലിലേക്ക് പോകുന്ന മത്സ്യ ബന്ധന യാനങ്ങൾക്ക് നിർദിഷ്ട കപ്പൽച്ചാൽ നിലവിൽ വരുമോ; ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, യാതൊരുവിധമായ തടസ്സങ്ങളുമുണ്ടാകില്ല. ഇതുസംബന്ധിച്ച് വല്ലാത്ത തെറ്റിദ്ധാരണ പരത്തുന്ന തരത്തിലുള്ള പ്രചരണങ്ങൾ മത്സ്യത്തൊഴിലാളികൾക്കിടയിൽ നടത്തി ആശങ്കയുണ്ടാക്കാൻ ശ്രമിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട ശ്രീ. കടകംപള്ളി സുരേന്ദ്രൻ പറഞ്ഞതുപോലെ ഒരുപാട് തരത്തിലുള്ള പ്രതിസന്ധികൾ അതിജീവിച്ചാണ് ഏതാണ്ട് 88 ശതമാനത്തോളം നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ പൂർത്തീകരിച്ചിട്ടുള്ളത്. കപ്പൽ കടന്ന് പോകുന്ന സമയത്തൊഴികെ മറ്റ് സമയങ്ങളിൽ മത്സ്യബന്ധന യാനങ്ങൾക്ക് കപ്പൽച്ചാൽ മുറിച്ച് യഥേഷ്ടം കടന്ന്

പോകാവുന്നതാണ്. ഒരു കപ്പൽ പോകുന്നതിന് ഏതാണ്ട് 45 മിനിട്ട് സമയം മാത്രമേ ആവശ്യമുള്ളൂ. ആയതിനാൽ ഈ വിധത്തിലുള്ള ഒരാശങ്കയ്ക്കും കാര്യമില്ല. മത്സ്യത്തൊഴിലാളി കൾ ആശങ്കപ്പെടേണ്ട കാര്യമില്ലെന്ന് സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, നിശ്ചയിച്ചതിൽ നിന്നും അഞ്ച് വർഷം വൈകിയാണെങ്കിലും വിഴിഞ്ഞം തുറമുഖ പദ്ധതി യാഥാർത്ഥ്യമാകുന്നതിൽ നമുക്കെല്ലാവർക്കും സന്തോഷവും അഭിമാനവുമുണ്ട്. വിഴിഞ്ഞം പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ അസാദ്ധ്യമെന്ന് കരുതിയിരുന്നത് സാധ്യമാക്കിയ ഉമ്മൻ ചാണ്ടി സാറിനെ സ്മരിക്കാതെ നമുക്ക് കടന്ന് പോകാൻ കഴിയില്ല. 12-ാം തീയതിയിലെ പരിപാടിക്ക് സ്വാഗതസംഘം രൂപീകരിക്കുന്നതുൾപ്പെടെയുള്ള എല്ലാ കാര്യങ്ങളിലും നമ്മളെല്ലാവരും സഹകരിച്ചാണ് മുന്നോട്ട് പോകുന്നത്. ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയും പോർട്ട് വകുപ്പുമന്ത്രിയും അടക്കം പങ്കെടുത്ത എല്ലാ പരിപാടിയിലും ഞങ്ങളും പങ്കെടുത്ത് സഹകരിക്കുന്നുണ്ട്. മുഖ്യമന്ത്രിയും കേന്ദ്ര മന്ത്രിയും ആറ് സംസ്ഥാന മന്ത്രിമാരും പങ്കെടുക്കുന്ന ഈ പരിപാടിയിൽ

കേരളത്തിന്റെ പ്രതിപക്ഷ നേതാവിനെ ക്ഷണിക്കാത്തതിലുള്ള ശക്തമായ പ്രതിഷേധം ഞാൻ ഈ അവസരത്തിൽ രേഖപ്പെടുത്തുകയാണ്.

മി. സ്പീക്കർ: യെസ്... യെസ്... പ്ലീസ്... പ്ലീസ്...ചോദ്യത്തിലേക്ക് വരൂ.

ശ്രീ. എം. വിൻസെന്റ്: സർ, ക്രെയിൻ വന്നപ്പോൾ വിളിച്ചിരുന്നു. ഇന്നലെ ധനകാര്യ വകുപ്പുമന്ത്രിയും പറഞ്ഞത് വിഴിഞ്ഞം യാഥാർത്ഥ്യമാകുമ്പോൾ നിങ്ങൾ എന്തുകൊണ്ട് സഹകരിക്കുന്നില്ലെന്നാണ്. ഞങ്ങളെല്ലാം സഹകരിക്കാൻ തയ്യാറാണ്, ഞങ്ങളുടെ കുഞ്ഞല്ലേ, യു.ഡി.എഫ്.-ന്റെ കുഞ്ഞല്ലേ? ഞങ്ങൾ സഹകരിക്കുകയാണ്. എന്റെ പ്രധാനപ്പെട്ട ചോദ്യമിതാണ്. സഹകരിക്കുമെന്ന് പറയുമ്പോൾ....

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ് ചോദ്യം ചോദിക്കാൻ സമയം ചുരുക്കണം.

ശ്രീ. എം. വിൻസെന്റ്: സർ, ചോദ്യത്തിലേക്ക് വരികയാണ്. ശ്രീ. കടകംപള്ളി സുരേന്ദ്രൻ പറഞ്ഞത് അദ്ദേഹത്തിന്റെ കുറ്റബോധത്തിൽ നിന്നാണ്.

മി. സ്പീക്കർ: യെസ്... യെസ്...പ്ലീസ്... പ്ലീസ്...ചോദ്യം കൃത്യമായി ചോദിക്കുന്നില്ലെങ്കിൽ മൈക്ക് ഓഫ് ആക്കും.

ശ്രീ. എം. വിൻസെന്റ്: സർ, ചോദ്യത്തിലേക്ക് വരികയാണ്.

മി. സ്പീക്കർ: ഇതാണ് താങ്കളുടെ പ്രശ്നം. സ്ഥിരമായി പ്രസംഗമാണ്, സ്റ്റേറ്റ്മെന്റാണ്.

ശ്രീ. എം. വിൻസെന്റ്: സർ, മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കുമെന്ന് പറഞ്ഞിട്ടുള്ള ആനുകൂല്യങ്ങൾ വൈകിപ്പോകുകയാണ്. സമയബന്ധിതമായി.... (മൈക്ക് ഓഫ്)

മി. സ്പീക്കർ: യെസ്... യെസ്.. മത്സ്യത്തൊഴിലാളികളുടെ ആനുകൂല്യം യെസ്... യെസ്...മിനിസ്റ്റർ

ശ്രീ. സജി ചെറിയാൻ: സർ, ആനുകൂല്യത്തെ സംബന്ധിച്ച് ഞാനിവിടെ സൂചിപ്പിച്ചിരുന്നു. 106 കോടിയോളം രൂപ ഇതിനോടകം കൊടുത്തു. ഒരു കാര്യം മനസ്സിലാക്കേണ്ടത് ഇവിടെ നടപ്പാക്കുന്ന പദ്ധതിയുടെ ഏതാണ്ട് 80 ശതമാനം തുകയും സ്റ്റേറ്റാണ് ഇതുവരെ മുടക്കിയിട്ടുള്ളത്. ശ്രീ. എം. വിൻസെന്റിന്റെ മുൻ ഗവൺമെന്റിന്റെ കാലത്ത് കരാർ വച്ചുവെന്നത് സത്യമാണ്. പക്ഷേ ഈ

സർക്കാരിന്റെയും കഴിഞ്ഞ പിണറായി വിജയൻ സർക്കാരിന്റെയും കാലത്താണ് മുഴുവൻ പണവും ഇതിനായി സംസ്ഥാന ഗവൺമെന്റ് മുടക്കി പദ്ധതി ആരംഭിച്ചത്. അതുകൊണ്ട് നിങ്ങൾ ഇതിനകത്ത് ഒരു പങ്കും നിർവ്വഹിച്ചില്ലെന്ന അഭിപ്രായമൊന്നും ഞാൻ പറയുന്നില്ല. നിങ്ങൾ പങ്ക് നിർവ്വഹിച്ചിട്ടുണ്ട്. ആ പങ്ക് നിർവ്വഹിക്കുമ്പോൾ തന്നെ ഈ പദ്ധതി നടപ്പാക്കി പൂർത്തീകരിക്കണമെന്നുള്ളത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. അതാണ് യാഥാർത്ഥ്യമാക്കാൻ പോകുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ വിളിച്ചില്ലെന്ന് പറയുന്ന ഭാഗം ഞങ്ങൾ പരിശോധിക്കാം. പക്ഷേ, ക്രെയിൻ കൊണ്ടുവന്ന സമയത്തുള്ള ആദ്യത്തെ ചടങ്ങിൽ അദ്ദേഹത്തെ ക്ഷണിക്കുകയും പങ്കെടുക്കുകയും ചെയ്തിരുന്നു. രണ്ടാമത്തേത് കണ്ടെയ്നർ കൊണ്ടുവരുന്ന ചടങ്ങാണ്. എന്താണ് സംഭവിച്ചതെന്ന് പരിശോധിച്ച് അത് തിരുത്താനുള്ള ശ്രമം നടത്തും. അങ്ങ് പങ്കെടുക്കുമെങ്കിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ക്ഷണിക്കുന്നതിൽ യാതൊരു ബുദ്ധിമുട്ടും ഞങ്ങളെ സംബന്ധിച്ചില്ല. അക്കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

തുറമുഖ-സഹകരണ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ബഹുമാനപ്പെട്ട ശ്രീ. എം. വിൻസെന്റ് ഇവിടെ സൂചിപ്പിച്ചപ്പോൾ ഈ പദ്ധതിയാകെ ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ കാലത്താണ് തുടക്കംകുറിച്ചതെന്ന് പറയുന്നത് ശരിയല്ല. മൺമറഞ്ഞ ഇ. കെ. നായനാർ ഗവൺമെന്റാണ് ആദ്യമായി ഇതിന് കുമാർ കമ്മിറ്റിയെ നിയോഗിച്ചത്. ആ കമ്മിറ്റിയാണ് ഇതിന്റെ പഠനം ആദ്യം നടത്തിയത്.

ശ്രീ. എം. വിൻസെന്റ്: സർ, ഏത് കമ്മിറ്റിയാണ്? (മൈക്ക് ഓഫ്)

ശ്രീ. വി. എൻ. വാസവൻ: സർ, കുമാർ കമ്മിറ്റി....(ബഹളം)

മി. സ്പീക്കർ: അങ്ങ് ഇഗ്നോർ ചെയ്ത് പറഞ്ഞോ.

ശ്രീ. വി. എൻ. വാസവൻ: സർ, ആ റിപ്പോർട്ട് വന്നതിനുശേഷം ശ്രീ. എ. കെ. ആന്റണിയുടെ ഗവൺമെന്റാണ് ആദ്യമായി ഇത് ടെണ്ടർ ചെയ്തത്. ഒരു ചൈനീസ് കമ്പനിയാണ് ടെണ്ടർ കോട്ട് ചെയ്തത്. അവർക്ക് കൊടുത്തില്ല. അതിനുശേഷം പിന്നീട് വന്ന വി. എസ്. ഗവൺമെന്റാണ് രണ്ടാമത് ഇതിനെ ടേക്ക്-അപ്പ് ചെയ്ത് അന്നത്തെ തുറമുഖ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എം. വിജയകുമാർ ഇതുസംബന്ധിച്ച ഫയലുകൾ നീക്കി ടെണ്ടർ ചെയ്തു. ഒരു ആന്ധ്രാ

കമ്പനി മുന്നോട്ടുവന്നു. അന്ന് കരാർ കൊടുത്ത കമ്പനിക്ക് എടുക്കാൻ കഴിയാതെ വന്നത് കോടതി കേസ് വന്നതുകൊണ്ടാണ്. അതിനുശേഷമാണ് ഇവിടെ സൂചിപ്പിക്കുന്ന യു.ഡി.എഫ്. ഗവൺമെന്റിന്റെ ടെണ്ടറും മറ്റ് നടപടികളും. നിർമ്മാണ പ്രവർത്തനങ്ങൾ യഥാർത്ഥത്തിൽ പിണറായി വിജയൻ ഗവൺമെന്റാണ് പൂർണ്ണമായും നിർവ്വഹിച്ചിരിക്കുന്നത്.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, കേരളത്തിന്റെ ചരിത്രത്തിൽ തന്നെ ഇതിഹാസമായി മാറാൻ പോകുന്ന വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകാൻ പോകുകയാണ്. ആ പ്രദേശത്തെ പ്രാദേശികമായ ജനങ്ങളെ പരിപൂർണ്ണമായും അതിൽ ഉൾപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകണമെന്ന് സൂചിപ്പിക്കാനാണ് ഈ അവസരം ഉപയോഗപ്പെടുത്തുന്നത്.

ശ്രീ. സജി ചെറിയാൻ: സർ, അവിടെ തൊഴിൽ കൊടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള നൈപുണ്യ തൊഴിൽ പരിശീലന കേന്ദ്രം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു. ആയിരക്കണക്കിന് ആളുകൾക്ക് തൊഴിൽ പരിശീലനം കൊടുത്തുകൊണ്ടിരിക്കുന്നു. അവിടെ വിസിലുമായും അദാനി ഗ്രൂപ്പുമായും തുറമുഖ വകുപ്പ് ചർച്ച ചെയ്ത് ആ പ്രദേശത്തുള്ള ആളുകളുടെ സംരക്ഷണത്തിനുള്ള

നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഞാൻ മനസ്സിലാക്കുന്നത് നല്ലൊരു ശതമാനം ആളുകളെയും ഇതിനോടകംതന്നെ ജോലിക്ക് നിയമിച്ചിട്ടുണ്ടെന്നാണ്.

## ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്

3(*513) ശ്രീ. എ. രാജ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യർക്ക് സർക്കാർ സംവിധാനത്തിൽ തൊഴിൽ പരിശീലനത്തിനും നൈപുണ്യ വികസനത്തിനും പ്രവൃത്തി പരിചയത്തിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കിയ ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര പേരെ വിവിധ ഓഫീസുകളിൽ ഓണറേറിയം നൽകി നിയമിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത വിഭാഗങ്ങളിലെ അഭ്യസ്തവിദ്യർക്ക് മെച്ചപ്പെട്ട വരുമാനവും തൊഴിലും ലഭിക്കാൻ അവസരമൊരുക്കുമോയെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, (എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരെ തൊഴിൽ പരിശീലനത്തിനും നൈപുണ്യ വികസനത്തിനുമായി ഓണറേറിയത്തോടുകൂടി വിവിധ വകുപ്പുകൾക്ക് കീഴിൽ 2 വർഷക്കാലയളവിലേക്ക് നിയമിക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ട്രേസ് (ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്). ടി പദ്ധതി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കിവരുന്നു. എൻജിനീയറിങ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അധ്യാപനം, തുടങ്ങിയ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ് മാതൃകയിൽ ഓണറേറിയത്തോടുകൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു. സർക്കാർ തലത്തിൽ 2 വർഷം പ്രായോഗിക പരിശീലനംവഴി ആർജ്ജിക്കുന്ന പരിചയസമ്പത്തിലൂടെ ഏതൊരു

മികച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിലും തൊഴിൽ നേടുന്നതിന് ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു.

(ബി) വിവിധ മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 5067 പേർക്ക് ഓണറേറിയം വ്യവസ്ഥയിൽ നിയമനം നൽകിയിട്ടുണ്ട് 500 (300 SC, 200 ST). എഞ്ചിനിയറിംഗ് ഉദ്യോഗാർത്ഥികളെ അക്രഡിറ്റഡ് എഞ്ചിനീയർമാരായും 1048 പേരെ (798 SC, 250 ST) നഴ്സിംഗ് പാരാമെഡിക്കൽ മേഖലയിലും, 114 MSW ബിരുദധാരികളെ (60 SC,54 ST) സോഷ്യൽ വർക്കർമാരായും, 380 ബിരുദധാരികളെ അപ്രന്റീസ് ക്ലർക്കുമാരായും 112 നിയമ ബിരുദധാരികളെ (87 SC, 25 ST) ലീഗൽ അസിസ്റ്റന്റ് തസ്തികയിലും നിയമിച്ചു. ഇതിനുപുറമേ 2398 പേരെ (1216 SC, 1182 ST) പ്രമോട്ടർ തസ്തികയിലും നിയമിച്ചു. കൂടാതെ 140 മാനേജ്മെന്റ് ട്രെയിനീസ്, 49 സ്റ്റുഡന്റ്സ് കൗൺസിലർമാർ, 326 മെന്റർ ടീച്ചർമാർ എന്നിവരേയും ഓണറേറിയം വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

(സി) വിവിധ മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് വകുപ്പിന്റെയും മറ്റു വകുപ്പുകളുടെയും പദ്ധതി

പ്രവർത്തനങ്ങളിൽ പങ്കാളികളാവുകവഴി തങ്ങളുടെ സേവനമേഖലയിൽ കൂടുതൽ ആത്മവിശ്വാസവും അനുഭവപരിചയവും സ്വായത്തമാകുന്നു. എൻജിനീയറിങ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അധ്യാപനം, ക്ലർക്ക് തുടങ്ങി വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ് മാതൃകയിൽ ഓണറേറിയത്തോടുകൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു. പരമാവധി രണ്ടുവർഷം വരെ പരിശീലനത്തിന് നിയോഗിക്കുകയും പരിശീലന കാലയളവിൽ അതത് മേഖലകളിൽ അനിവാര്യമായ നൈപുണ്യം കൈവരിക്കുന്നതിന് ഉതകുന്ന പ്രത്യേക ട്രെയിനിംഗ് നൽകുകയും ചെയ്യുന്നു. സർക്കാർ തലത്തിൽ 2 വർഷം പ്രായോഗിക പരിശീലനം ലഭ്യമാകുക വഴി ആർജ്ജിക്കുന്ന പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെയും അഭിമുഖങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു.

ശ്രീ. എ. രാജ: സർ, ചരിത്രപരമായ കാരണങ്ങളാൽ സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങൾ സമൂഹത്തിന്റെ ഉന്നതിയിലേക്ക്

എത്തിക്കുന്നതിനാണ് ഇടതു സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് വന്നിട്ടുള്ളത്. വിവിധ പ്രൊഫഷണൽ കോഴ്സുകൾ പഠിച്ച് പാസാകുന്ന വിദ്യാർത്ഥികൾക്ക് ഓണറേറിയം വ്യവസ്ഥയിൽ പ്രായോഗിക പരിശീലനം നൽകുകയെന്നതാണ് ട്രേസ് പദ്ധതിയുടെ ലക്ഷ്യം. ഇപ്രകാരം നിയോഗിക്കുന്ന വിദ്യാർത്ഥികളെ വകുപ്പിന്റെ പദ്ധതികൾ വിജയകരമായി നടപ്പിലാക്കുന്നതിന് ഉപയോഗിക്കാൻ കഴിയുമോ?

ശ്രീ. ഒ. ആർ. കേളു: സർ, അത് പ്രധാനപ്പെട്ട ഒരു വിഷയമാണ്. ഈ പദ്ധതി പ്രകാരം കേരളത്തിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിയമനം കൊടുക്കുന്നുണ്ട്. കൂടാതെ പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പിൽത്തന്നെ ഇതേ പദ്ധതി പ്രകാരം 500 അക്രഡിറ്റഡ് എഞ്ചിനീയർമാരെ നിയമിച്ച് തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. എ. രാജ: സർ, ട്രേസ് പദ്ധതിയിൽ നിലവിൽ അവസരം നൽകിവരുന്ന സർക്കാർ വകുപ്പുകൾക്ക് പുറമെ, പൊതുമേഖലാ

സ്ഥാപനങ്ങളിൽക്കൂടി ട്രേസ് പദ്ധതിയിലുൾപ്പെടുത്തി വിദ്യാർത്ഥികളെ പരിഗണിക്കാമോ?

ശ്രീ. ഒ. ആർ. കേളു: സർ, പൊതുമേഖലാ സ്ഥാപനങ്ങളിൽക്കൂടി കൊടുക്കണമെന്നാണ് ആഗ്രഹിക്കുന്നത്. പക്ഷേ നിയമപരമായി അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിച്ചുവരുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി ദെലീമ : സർ, കേരള എംപവർമെന്റ് സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽ ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ് (ട്രേസ്) ഉപയോഗപ്പെടുത്തുമോ?

ശ്രീ. ഒ. ആർ. കേളു: സർ, അക്കാര്യം നേരത്തെ ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. കൂടുതൽ മേഖലകളിലേയ്ക്ക് പരിശീലനം വ്യാപിപ്പിച്ച് ധാരാളം തൊഴിലവസരങ്ങളൊരുക്കാനാണ് വകുപ്പ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീമതി ശാന്തകുമാരി കെ.: സർ, പരമ്പരാഗതമായ തൊഴിൽ മേഖലയിൽനിന്ന് മാറി പുതിയ തലമുറ വിദ്യാഭ്യാസത്തിലൂടെ റോയൽ ജോബുകളിലേക്ക് പോകുന്ന ഒരനുഭവമാണ്. ട്രേസ് പദ്ധതിയെ നമ്മുടെ ഗവൺമെന്റ് പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ

യോഗ്യതയുണ്ടായിട്ടും പലപ്പോഴും ഇന്റർവ്യൂകളിൽ പങ്കെടുക്കുമ്പോൾ അവർക്ക് എക്സ്പീരിയൻസില്ലായെന്ന ഒറ്റ കാരണം പറഞ്ഞ് പുറന്തള്ളപ്പെടുന്ന ഒരവസ്ഥയാണുള്ളത്. പ്രത്യേകിച്ച് എസ്.സി./എസ്.ടി. വിഭാഗത്തിലെ കുട്ടികൾ. അതിനൊരു പരിഹാരമാണ് ട്രേസ് പദ്ധതി. ഈ പദ്ധതി നിലവിൽ വിവിധ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ സാധ്യതകളുള്ള മെഡിക്കൽ/പാരാമെഡിക്കൽ മേഖലകളിലേയ്ക്ക് കൂടുതൽ കുട്ടികളെ പരിശീലിപ്പിക്കുന്നതിനുവേണ്ടിയുള്ള തയ്യാറെടുപ്പുണ്ടാകണം. ഈ മേഖലയിലേയ്ക്ക് ഗവൺമെന്റ് കൂടുതൽ താല്പര്യമെടുക്കാൻ സാധ്യതയുണ്ടോ?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, പാരാമെഡിക്കൽ മേഖലയിൽ നേരത്തെതന്നെ പരിശീലനം നൽകുകയും നല്ലൊരു ശതമാനം ഉദ്യോഗാർത്ഥികൾക്ക് കേരള ഗവൺമെന്റ് തൊഴിലവസരങ്ങൾ ഒരുക്കിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ, ഈ കാലഘട്ടത്തിൽ എസ്.സി./എസ്.ടി വിഭാഗത്തിലെ കുട്ടികൾ നല്ല രീതിയിൽ എഡ്യൂക്കേറ്റഡായി വരുന്നുണ്ട്. അവർക്കൊക്കെ

കൂടുതൽ പരിശീലനം നൽകാൻ സാധിക്കും. ഒരു ഇന്റർവ്യൂവിന് പോകുമ്പോൾ പങ്കെടുക്കുന്ന കുട്ടിക്ക് മുൻപരിചയമുണ്ടോയെന്നാണ് എല്ലാ സ്ഥാപനങ്ങളും ചോദിക്കുന്നത്. അതിനുവേണ്ടിയാണ് ഇന്റേൺഷിപ് നൽകുന്നത്. ഇന്റേൺഷിപ് രണ്ടുവർഷം കുട്ടികൾക്ക് ലഭിക്കുമ്പോൾ അവർ പരിജയസമ്പന്നരാകുകയാണ് ചെയ്യുന്നത്. ആ രീതിയിൽ കൂടുതൽ വിപുലപ്പെടുത്തി കാര്യങ്ങൾ പരിശോധിക്കാം.

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: സർ, ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകി തൊഴിൽ മേഖലയിലേക്ക് വിന്യസിക്കുന്ന ട്രേസ് പദ്ധതി കൂടുതൽ മേഖലയിലേയ്ക്ക് വ്യാപിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; സിവിൽ എഞ്ചിനീയർമാരെ ട്രേസ് വഴി വിന്യസിച്ചത് സംബന്ധിച്ച് വിശദീകരിക്കാമോ?

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, അക്കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചതാണ്. എഞ്ചിനീയറിങ് മേഖലയിൽ ട്രേസ് പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തുകളിലേയ്ക്ക് 500 പേരെ പദ്ധതിയുടെ ഭാഗമായി വിന്യസിച്ചിട്ടുണ്ട്. പഞ്ചായത്തുമായി ബന്ധപ്പെട്ടുള്ള വീട് നിർമ്മാണം, വീട് റിപ്പയറിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിനായി സാധിച്ചു. ഇത് കൂടുതൽ

മേഖലയിലേയ്ക്കും വ്യാപിപ്പിക്കുന്നുണ്ട്. അതിന് പുറമെയാണ്, വിദേശരാജ്യങ്ങളിൽ കുട്ടികളെ അയച്ച് കൂടുതൽ പഠന മികവിലേയ്ക്ക് വളർത്തിയെടുക്കുന്നത്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഗോത്ര സാരഥി പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് വിദ്യാലയങ്ങളിൽ എത്തുന്നതിനുവേണ്ടി വാഹനങ്ങൾ കോളനി/കോളനി സങ്കേതങ്ങളിൽനിന്നും ഏർപ്പെടുത്തിയത്. ഒന്നാം പിണറായി സർക്കാരിന്റെ ഭരണകാലത്ത് ഗോത്ര സാരഥി പദ്ധതിയെന്ന് അറിയപ്പെട്ടിരുന്നത് ഇപ്പോൾ വിദ്യാവാഹിനി പദ്ധതിയെന്ന് മാറ്റിയിട്ടുണ്ട്. വിദ്യവാഹിനിയാക്കിയെന്നുള്ള ഉത്തരവിറങ്ങിയപ്പോൾ പല കോളനികളും വിട്ടുപോകുകയും നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്. പല കുട്ടികളും വിദ്യാവാഹിനി വരട്ടെയെന്ന് പറഞ്ഞ് വീടുകളിൽ കാത്തിരിക്കുകയും സ്കൂളുകളിൽ എത്താൻ കഴിയാത്ത സാഹചര്യവുമുണ്ട്. റോഡുകളുടെ വികസനം, വാഹനങ്ങളുടെ എണ്ണം വർദ്ധിച്ചത് എന്നിവ കാരണം രക്ഷിതാക്കൾക്ക് കുട്ടികളെ വിദ്യാലയങ്ങളിൽ എത്തിക്കാൻ കാൽനടയായി വിടാനുള്ള പ്രായോഗികമായ പ്രയാസമുണ്ട്. അത്

അങ്ങേയ്ക്ക് അറിയാവുന്ന കാര്യമാണ്. അതുകൊണ്ട് വിദ്യാവാഹിനി, ഗോത്ര സാരഥിയുടെ ഭാഗമായി ഏതൊക്കെ കോളനി സങ്കേതം/ ഊരുകളിൽനിന്നാണ് കുട്ടികളെ വിദ്യാലയങ്ങളിൽ എത്തിച്ചത്; അതേ മാനദണ്ഡത്തിൽ തുടരാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഒ. ആർ. കേളു: സർ, കുട്ടികളുടെ ഡ്രോപ്പ്-ഔട്ട് അവസാനിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ പദ്ധതി ആരംഭിച്ചത്. പദ്ധതി ആരംഭിച്ച കലത്ത് കാര്യങ്ങൾ നല്ല രീതിയിൽ മുന്നോട്ടുപോയിരുന്നു. പിന്നീട് കാര്യങ്ങൾ പരിശോധിച്ച് കഴിഞ്ഞപ്പോൾ പല മേഖലകളിലും ദുരുപയോഗം ചെയ്യുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആ ഒരു പശ്ചാത്തലത്തിൽ ഇതിൽ ചില നിബന്ധനകളുണ്ട്. 2 കിലോമീറ്റർ പരിധിക്കപ്പുറത്തുള്ള സങ്കേതങ്ങളിലെ കുട്ടികളെയാണ് ഇത്തരം വാഹനങ്ങളിൽ സ്കൂളുകളിൽ എത്തിക്കേണ്ടത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, 500 മീറ്റർ, 1 കിലോ മീറ്റർ പരിധിയിലുള്ള കുട്ടികൾ ഇതിനെ ദുരുപയോഗം ചെയ്യുന്ന സാഹചര്യം വന്നിട്ടുണ്ട്. ആ കാര്യങ്ങൾ പരിശോധിച്ച് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയെന്നത് വസ്തുതയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ, വളരെ

പ്രധാനപ്പെട്ട മേഖലകളിൽ കുട്ടികൾ വിട്ടുപോയിട്ടുണ്ടെങ്കിൽ ആ കാര്യങ്ങൾ പരിശോധിച്ച് ആ മേഖലയിൽക്കൂടി പദ്ധതി നടപ്പിലാക്കുന്നതിൽ യാതൊരു തടസ്സവുമില്ല.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ആദിവാസി പോപ്പുലേഷൻ കൂടുതലുള്ള മേഖലകളിൽ ട്രേസ് പദ്ധതിയുടെ ഭാഗമായി കരിയർ ഗൈഡൻസ് സെന്റർ ഏർപ്പാടാക്കുന്നതിനും വ്യവസായ വകുപ്പിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഇന്റേൺമാരെപ്പോലെ, ആ മാതൃകയിൽ ഒരു ഇന്റേണിനെ അതിന്റെ ചുമതലയ്ക്ക് നിശ്ചയിക്കുകയും ചെയ്യുകയാണെങ്കിൽ നമുക്ക് കൂടുതൽ ആദിവാസി യുവാക്കളെയും യുവതികളെയും ട്രെയിനിംഗ് നൽകുക മാത്രമല്ല, സംരഭകത്വം അടക്കം പ്രോത്സാഹിപ്പിച്ചുകൊണ്ട് കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. അങ്ങനെ അനുവദിക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയാണെങ്കിൽ മട്ടന്നൂർ നിയോജകമണ്ഡലത്തിൽ ഏറ്റെടുക്കാൻ തയ്യാറാണെന്ന് അവിടത്തെ എം.എൽ.എ.-യെന്നുള്ള നിലയിൽ പറയുന്നു. ഞാൻ മാത്രമല്ല, മറ്റ് നിരവധി എം.എൽ.എ.-മാരും അവരുടെ പരിശ്രമത്തിന്റെ

ഭാഗമായി മുൻഗണന കൊടുക്കുമെന്നാണ് തോന്നുന്നത്. അത്തരമൊരു പദ്ധതി ആവിഷ്കരിക്കുന്നതിനെക്കുറിച്ച് അങ്ങ് ആലോചിക്കുന്നുണ്ടോ?

ശ്രീ. ഒ. ആർ. കേളു: സർ, കരിയർ ഗൈഡൻസ് സെന്ററിനുപുറമെ, നേരത്തെതന്നെ പദ്ധതിക്ക് തുടക്കം കുറിച്ചിരുന്നു. അതിന് ഉദാഹരണമാണ് അപ്പാരൽ പാർക്ക് പോലുള്ള പദ്ധതികൾ. കുറഞ്ഞ വിദ്യാഭ്യാസമുള്ളവർക്കും ഒരു തൊഴിൽ വരുമാനമുണ്ടാകണം. അപ്പാരൽ പാർക്ക് പോലുള്ള പദ്ധതികൾ നേരത്തെ അട്ടപ്പാടിയിലും വയനാട് ജില്ലയിലും ആരംഭിച്ചിരുന്നു. മറ്റ് ജില്ലകളിൽ ആവശ്യമായി വരുന്നമുറയ്ക്ക് പദ്ധതികൾ ആരംഭിച്ച് കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് പരിശീലനവും തൊഴിലവസരവും ഒരുക്കാൻ സാധിക്കും.

## നിരോധിത വലകളും ലൈറ്റുകളും ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിയന്ത്രിക്കാൻ നടപടി

(*514) ഡോ. എം. കെ. മുനീർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തീരക്കടലിൽ നിരോധിത വലകളും ലൈറ്റുകളും ഉപയോഗിച്ച് മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന സംഘങ്ങളും പരമ്പരാഗത മത്സ്യത്തൊഴിലാളികളും തമ്മിൽ സംഘർഷങ്ങൾ ഉണ്ടാകുന്നതായ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഇതര സംസ്ഥാനങ്ങളിൽനിന്നും എത്തുന്ന ഇത്തരം സംഘങ്ങൾക്ക് യൂസർ ഫീ ചുമത്താറുണ്ടോ;

(സി) ഇവരെ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വിശദമാക്കുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, (എ) തീരക്കടലിൽ നിരോധിത വലകളും ലൈറ്റുകളും ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന തദ്ദേശീയ യന്ത്രവൽകൃത യാനങ്ങളിലെ തൊഴിലാളികളും പരമ്പരാഗത മത്സ്യത്തൊഴിലാളികളും തമ്മിൽ സംഘർഷത്തിലാകുന്നതായുള്ള റിപ്പോർട്ടുകൾ മുൻകാലങ്ങളിൽ ലഭിച്ചിട്ടുണ്ട്. ആയതിന്റെയടിസ്ഥാനത്തിൽ ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും പട്രോളിംഗും നിരീക്ഷണവും ശക്തമാക്കുകയും ഇപ്രകാരം അനധികൃത

മത്സ്യബന്ധനം നടത്തുന്നവർക്കെതിരെ കെ.എം.എഫ്.ആർ. ആക്ടും റൂളും അനുശാസിക്കുന്ന വിധത്തിൽ നിയമനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള ഇത്തരം സംഘങ്ങളുമായി പരമ്പരാഗത മത്സ്യത്തൊഴിലാളികൾ സംഘർഷത്തിലാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പുതിയ കെ.എം.എഫ്.ആർ. ചട്ടങ്ങൾ ഉത്തരവായ 2018 സെപ്റ്റംബറിനുശേഷം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള യന്ത്രവത്കൃത യാനങ്ങളിൽ 20 മീറ്ററിന് മുകളിൽ നീളമുള്ളതും 250 HP-ക്ക് മുകളിൽ എഞ്ചിൻ ക്ഷമതയുള്ളതുമായ തദ്ദേശീയ ബോട്ടുകൾക്കും അന്യസംസ്ഥാന ബോട്ടുകൾക്കും 12 നോട്ടിക്കൽ മൈലിനുള്ളിൽ ഫിഷിംഗ് ലൈസൻസ് അനുവദിച്ചിട്ടില്ല. അതുകൊണ്ടുതന്നെ അത്തരം യാനങ്ങൾക്ക് 12 നോട്ടിക്കൽ മൈലിനുള്ളിൽ ഫിഷിംഗ് നടത്താൻ അനുവാദമില്ല. എന്നാൽ അവർക്ക് തീരക്കടലിലൂടെ സഞ്ചരിച്ച് ഹാർബറുകളിലേയ്ക്ക് പ്രവേശിക്കുന്നതിനും ഹാർബറുകളിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും വാർഷിക പെർമിറ്റ് ഫീസാണ് ഏർപ്പെടുത്തിയിട്ടുള്ളത്. യന്ത്രവത്കൃത യാനങ്ങളിൽ ട്രോൾ ബോട്ടുകൾക്ക് 25000/- രൂപയും പരിഷ്കരിച്ചതും പരമ്പരാഗതവുമായതും ഇൻബോർഡ്

എൻജിൻ ഉപയോഗിക്കുന്ന യാനങ്ങൾക്ക് 15000/- രൂപയും എംപവർമെന്റ് സൊസൈറ്റിഔട്ട് ബോർഡ് മോട്ടോർ ഘടിപ്പിച്ചിട്ടുള്ള മറ്റ് പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് 5000/- രൂപയുമാണ് വാർഷിക പെർമിറ്റ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്.

(സി) ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി കടലിൽ പട്രോളിംഗ് നടത്തി നിയമലംഘനം നടത്തുന്ന യാനങ്ങളെ കണ്ടുകെട്ടി ഉയർന്ന പിഴ ചുമത്തുന്നത് അടക്കമുള്ള ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും മത്സ്യത്തൊഴിലാളി പ്രതിനിധികൾ, യാനമുടമകൾ, ലേലക്കാർ, സാമുദായിക സംഘടനകൾ തുടങ്ങിയവരെ ഉൾപ്പെടുത്തി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. അന്യസംസ്ഥാന ബോട്ടുകൾക്ക് സംസ്ഥാനത്തിന്റെ തീരക്കടലിലൂടെ സഞ്ചരിച്ച് ഹാർബറുകളിൽ പ്രവേശിക്കുന്നതിനും ഹാർബറുകളിലെ സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനും വാർഷിക പെർമിറ്റ് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്. കെ.എം.എഫ്.ആർ. ആക്ട്, കെ.എം.എഫ്.ആർ. റൂൾ എന്നിവയുടെ അടിസ്ഥാനത്തിൽ

മത്സ്യബന്ധനയാനങ്ങളിൽ അവയെ നിരീക്ഷിക്കുന്നതിനുതകുന്ന തരത്തിലുള്ള ആട്ടോമാറ്റിക് ഐഡന്റിഫിക്കേഷൻ സിസ്റ്റം (AIS)/വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം (VMS) ഘടിപ്പിക്കുന്നത് നിർബ്ബന്ധമാക്കിയിട്ടുണ്ട്. കൂടാതെ, കടലിലേയ്ക്കും തിരിച്ചും ആശയ വിനിമയം/നിരീക്ഷണം നടത്താൻ കഴിയുന്ന ട്രാൻസ്പോണ്ടറുകൾ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ സംസ്ഥാനത്തെ മുഴുവൻ മത്സ്യബന്ധനയാനങ്ങളിലും ഘട്ടംഘട്ടമായി സൗജന്യമായി സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും ആദ്യഘട്ടമായി 6000 യാനങ്ങളിൽ ആയത് സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി പദ്ധതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഫിഷറീസ് ഡയറക്ടറേറ്റ് തലത്തിൽ ഒരു മാസ്റ്റർ കൺട്രോൾ റൂം, വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് 3 റീജിയണൽ കൺട്രോൾ റൂമുകളും ഫിഷറീസ് വകുപ്പിന്റെ കീഴിൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

സംസ്ഥാനത്തെ പ്രധാന ഹാർബറുകളിലും നിരീക്ഷണം ശക്തമാക്കുന്നതിനായി CCTV സ്ഥാപിക്കുന്ന പദ്ധതി ഘട്ടംഘട്ടമായി

നടപ്പാക്കിവരുന്നു. ഇതിനകം 10 ഹാർബറുകളിൽ പദ്ധതി പൂർത്തീകരിച്ചുകഴിഞ്ഞു. വകുപ്പിന് കീഴിലുള്ള ബാക്കി 15 ഹാർബറുകളിൽ പദ്ധതി നടപ്പാക്കുന്നതിന് ഒരു സമ്പൂർണ്ണ പ്രൊപ്പോസൽ കെൽട്രോൺ മുഖാന്തരം തയ്യാറാക്കുന്നതിനുള്ള നടപടികൾ ഫിഷറീസ് ഡയറക്ടർ സ്വീകരിച്ചുവരുന്നു.

ഡോ. എം. കെ. മുനീർ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. പി. എ. മജീദ്: സർ, തീരദേശ പാതയിലൂടെ ചരക്കുഗതാഗത കപ്പൽ സർവ്വീസ് നടത്തിയതിന്റെ ഫലമായി മത്സ്യബന്ധനത്തിലേർപ്പെടുന്ന ബോട്ടുകൾക്ക് പ്രശ്നങ്ങൾ വരികയാണ്. പൊന്നാനിയിൽ ഇതുസംബന്ധിച്ച് ഒരാൾ മരിക്കുകയും ബോട്ട് തകർന്ന് അവരുടെ യന്ത്രങ്ങൾ നശിക്കുകയുമുണ്ടായി. അതുകൊണ്ട് ഈ മേഖലയിലൂടെയുള്ള ചരക്കുകപ്പലുകളുടെ ഗതാഗതത്തെ സംബന്ധിച്ചുള്ള മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ അവസാനിപ്പിക്കാൻ തീരുമാനമുണ്ടാകുമോ?

ശ്രീ. സജി ചെറിയാൻ: സർ, 12 നോട്ടിക്കൽ മൈൽ വരെയാണ് സംസ്ഥാനത്തിന്റെ തീരക്കടലിന്റെ പരിധി. ആ മേഖലകളിൽ മറ്റ് തരത്തിലുള്ള

കപ്പലുകളോ ബോട്ടുകളോ കടന്നുവരാൻ പാടില്ലെന്നുള്ളതാണ് വ്യവസ്ഥ. എന്നാൽ അവിടെ വരുന്ന ബോട്ടുകൾക്ക് ഹാർബറിലേയ്ക്ക് പോകാനുള്ള അനുവാദം സ്വാഭാവികമായും കൊടുക്കുന്നുണ്ട്. എന്നാൽ ഈ 12 നോട്ടിക്കൽ മൈലിനകത്ത് നിൽക്കാതെ പുറത്തുപോയി മത്സ്യബന്ധനത്തിൽ ഏർപ്പെടുമ്പോഴാണ് കപ്പലുകൾ വന്ന് ആക്സിഡന്റുകൾ സാധാരണ സംഭവിക്കാറുള്ളത്. മത്സ്യം കിട്ടുന്നതിനുവേണ്ടി മത്സ്യത്തൊഴിലാളികൾ ഉൾക്കടലിലേയ്ക്ക് പോകാറുള്ളതിനാൽ ആ കാര്യത്തിൽ കൂടുതൽ ബോധവത്കരണവും പുതിയ ആധുനിക സംവിധാനങ്ങളും ഏർപ്പെടുത്തുക മാത്രമാണ് സർക്കാരിന്റെ മുമ്പിലുള്ളത്. അതുസംബന്ധിച്ച് സർക്കാരിന് ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യുന്നുണ്ട്.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, യൂറോപ്യൻ രാജ്യങ്ങളിലേയ്ക്കുള്ള മത്സ്യ കയറ്റുമതി നിയന്ത്രണ നിരോധനമുണ്ടായതിന്റെ ഫലമായി ചെമ്മീനിന് വിലയിടിവ് ഉണ്ടാകുന്നതായി പറയുന്നത് ശരിയാണോ; അക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ കഴിയും?

ശ്രീ. സജി ചെറിയാൻ: സർ, ഈ വിഷയം എക്സ്പോർട്ടിംഗുമായും വ്യവസായ വകുപ്പുമായും ബന്ധപ്പെട്ട കാര്യമാണ്.

ശ്രീ. പി. കെ. ബഷീർ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, മറ്റ് മേഖലകളിൽ തൊഴിലെടുക്കുന്നവർക്ക് മത്സ്യത്തൊഴിലാളികളെപ്പോലെ ഇത്രയധികം കാലം ജോലി നഷ്ടപ്പെടില്ല. വരവ് പൂർണ്ണമായും അറ്റുപോകുന്ന കാലത്ത് മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ആശ്വാസമേകാനാണ് സർക്കാർ ധനസഹായം ഏർപ്പെടുത്തിയിട്ടുള്ളത്. മത്സ്യത്തൊഴിലാളികൾ നൽകുന്ന വിഹിതവും കൂടിച്ചേർത്ത് മൂന്ന് ഗഡുക്കളായി ട്രോളിംഗ് കാലത്ത് ഈ തുക നൽകുന്ന പതിവ് ഇപ്പോഴുണ്ടോ; ഇത്തവണ എത്ര രൂപയാണ് നൽകിയതെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, മത്സ്യത്തൊഴിലാളികൾക്ക് സമ്പൂർണ്ണ സമാശ്വാസ പദ്ധതിയിൽനിന്നും 4,500 രൂപയാണ് കൊടുക്കുന്നത്. അതിൽ 1,500 രൂപ കൊടുത്തുകഴിഞ്ഞു. ഇതുകൂടാതെ സൗജന്യമായി റേഷനും കൊടുക്കുന്നുണ്ട്. ബാക്കിയുള്ള രണ്ട് ഗഡുക്കൾ ഇപ്പോൾ അനുവദിച്ച് മത്സ്യത്തൊഴിലാളികൾക്ക് നൽകും. കൂടാതെ കടൽക്ഷോഭമുള്ള സന്ദർഭങ്ങളിൽ കടലിൽ പോകാൻ

പാടില്ലെന്ന് കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായി നിർദ്ദേശിക്കുന്ന ദിവസങ്ങളിൽ 200 രൂപ വീതം കൊടുക്കുന്നുണ്ട്. ഇതിനായി 186 കോടി രൂപ സംസ്ഥാനം മുടക്കിയിട്ടുണ്ട്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, 70 കിലോമീറ്ററോളം തീരപ്രദേശമുള്ള ജില്ലയാണ് മലപ്പുറം എന്നതിനാൽ ഈ പ്രദേശത്തെ മത്സ്യത്തൊഴിലാളികളെ ചേർത്തുപിടിക്കേണ്ടത് നമ്മുടെ ആവശ്യമാണ്. മത്സ്യത്തൊഴിലാളികൾക്ക് ഒരു പ്രശ്നമുണ്ടായാൽ, ഡി. ഡി. ഓഫീസിനെ സമീപിക്കാൻ കടലുണ്ടി നഗരത്തിൽനിന്നും തെക്കേ അറ്റംവരെ പോകേണ്ടിവരും. ബഹുമാന്യനായ മുഖ്യമന്ത്രി ഉത്ഘാടനം ചെയ്ത ഒരു കെട്ടിടം ബഹുമാന്യനായ വഖഫ് വകുപ്പുമന്ത്രിയുടെ താനൂർ മണ്ഡലത്തിൽപ്പെട്ട ഉണ്യാലിൽ വെറുതെ കിടക്കുകയാണ്. ഈ ഡി.ഡി. ഓഫീസ് അവിടേയ്ക്ക് മാറ്റിയിട്ടില്ലാത്തതും നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുകയുമാണ്. ഡി.ഡി. ഓഫീസ് ഉണ്യാലിലേയ്ക്ക് മാറ്റിയാൽ ജില്ലയുടെ സെന്ററിൽ ഈ ഓഫീസ് വരികയും എല്ലാവർക്കും എത്തിച്ചേരാൻ സൗകര്യമാവുകയും ചെയ്യുമെന്നതിനാൽ ഈ രീതിയിലുള്ള ഒരു മാറ്റത്തിന് ശ്രമം നടത്തുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഒരു മണ്ഡലത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു ഓഫീസ് മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റുന്നത് സംബന്ധിച്ച പ്രശ്നമാണിത്. സ്വാഭാവികമായും അവരുമായി ചർച്ചചെയ്ത് ഇക്കാര്യത്തിൽ ന്യായമായ ഒരു തീരുമാനമെടുക്കാം. ബഹുമാനപ്പെട്ട അംഗം ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതിനാൽ പരിശോധിച്ച് ആവശ്യമായ തീരുമാനമെടുക്കുന്നതാണ്.

ശ്രീ. എം. കെ. എം. അഷ്റഫ്: സർ, പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനായി ഉപയോഗിച്ചുവരുന്ന തോണികളുടെ ലൈസൻസ് ഫീസ് മൂന്നും നാലും ഇരട്ടിയായി സർക്കാർ വർദ്ധിപ്പിച്ചിരിക്കുകയാണ്. തോണിയുടെ ഉപയോഗ കാലാവധി മുൻകാലങ്ങളിൽ 20 വർഷം വരെയുണ്ടായിരുന്നത് നിലവിൽ 12 വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും ക്ഷേമനിധിയിൽ അടയ്ക്കേണ്ട തുകയും മൂന്നിരട്ടിയായി വർദ്ധിപ്പിച്ചിരിക്കുന്നു. ഈ വർദ്ധനവുകളെല്ലാം പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ പ്രതിസന്ധിയുണ്ടാക്കുന്നതിനാൽ തോണിയുടെ വർദ്ധിപ്പിച്ച ലൈസൻസ്

ഫീസും ക്ഷേമനിധി അംശദായവും പിൻവലിക്കുന്നതിനും മത്സ്യബന്ധന തോണികളുടെ ഉപയോഗ കാലാവധി 20 വർഷമാക്കുന്നതിനും നടപടിയുണ്ടാകുമോ?

ശ്രീ. സജി ചെറിയാൻ: സർ, മത്സ്യത്തൊഴിലാളി ക്ഷേമനിധിയുമായി ബന്ധപ്പെട്ട് ഒരു പാക്കേജ് ഇപ്പോൾ തയ്യാറാക്കിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടെ വ്യക്തിഗതവും കുടുംബപരവുമായ സഹായങ്ങൾ വർദ്ധിപ്പിക്കാനാണ് ഇതിലൂടെ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അവരുടെ വിവാഹ ആവശ്യങ്ങൾ, ചികിത്സാ സൗകര്യങ്ങൾ, മരണാനന്തര ചടങ്ങുകൾ, വിദ്യാഭ്യാസം എന്നിവയ്ക്കുള്ള ചെലവിലേയ്ക്കാണ് ഈ തുക.

വള്ളങ്ങൾ, തോണികൾ, ബോട്ടുകൾ എന്നിവയുടെ ലൈസൻസ് ഫീസ് വർദ്ധിപ്പിക്കുന്നതോടൊപ്പം ചിലത് വർദ്ധിപ്പിക്കാതിരിക്കാനും സർക്കാർ ആലോചിക്കുന്നുണ്ട്. അതുപോലെ അംശദായത്തിൽ ചെറിയൊരു വർദ്ധനവ് വരുത്താതിരിക്കാൻ കഴിയാത്തതിനാൽ ഒരു പാക്കേജ് ഉണ്ടാക്കുകയാണ്. അക്കാര്യം കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ എല്ലാ സംഘടനകളുമായും അങ്ങയുടെ പാർട്ടി പ്രതിനിധാനം ചെയ്യുന്ന ട്രേഡ് യൂണിയനുകളുമായും

സംസാരിച്ചിട്ടുള്ളതും അവർ അത് അംഗീകരിച്ചിട്ടുള്ളതുമാണ്. അത് പ്രാവർത്തികമാകുന്നതോടെ മത്സ്യത്തൊഴിലാളി സമൂഹത്തിൽ വലിയതോതിലുള്ള ഗുണപരമായ മാറ്റങ്ങളുണ്ടാക്കാൻ കഴിയുമെന്നാണ് സർക്കാർ വിശ്വസിക്കുന്നത്.

ശ്രീ. കെ. ജെ. മാക്സി: സർ, കടലിൽ പരമാവധി ദൂരം വരെ ആശയവിനിമയം നടത്താൻ സാധിക്കുന്ന ട്രാൻസ്പോണ്ടറുകൾ സംസ്ഥാനത്തെ എല്ലാ മത്സ്യത്തൊഴിലാളികൾക്കും സൗജന്യമായ നിരക്കിൽ നടപ്പിലാക്കാൻ കഴിയുമോ; അക്കാര്യം വിശദീകരിക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, ആറായിരത്തോളം യാനങ്ങൾക്ക് ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്നതിനുള്ള ഒരു സൗജന്യപദ്ധതി സർക്കാർ നടപ്പിലാക്കി വരികയാണ്. ആ പദ്ധതി പൂർത്തീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. എല്ലാ യാനങ്ങൾക്കും ട്രാൻസ്പോണ്ടറുകൾ ഘടിപ്പിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുള്ളത് ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ പൂർത്തീകരിക്കും.

ശ്രീ. പി. ബാലചന്ദ്രൻ: സർ, ആഴക്കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള ചില നയങ്ങൾ വൻകിട കോർപ്പറേറ്റ് യാനങ്ങൾക്ക് വർഷങ്ങളോളം ആഴക്കടലിൽ തമ്പടിച്ച് മത്സ്യബന്ധനം നടത്താൻ ഇടവരുത്തുന്നതുമൂലം തീരദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾ പ്രക്ഷുബ്ധാവസ്ഥയിലും സമരരംഗത്തുമൊക്കെയായിരുന്നു. കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കെതിരായ നയങ്ങളെ പ്രതിരോധിക്കുന്നതിനും ആഴക്കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനും എന്തെങ്കിലും നയങ്ങൾ കേരളം സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, ആഴക്കടൽ മത്സ്യബന്ധനത്തിനുവേണ്ടിയുള്ള നിലപാടുകൾ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുമ്പോൾ പരമ്പരാഗത മത്സ്യമേഖലയെ സംരക്ഷിച്ചുകൊണ്ടുള്ള നടപടികളാണ് ഗവൺമെന്റ് മുന്നോട്ടുകൊണ്ടുപോകുന്നത്. സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റ് നയങ്ങൾക്കെതിരായി പ്രത്യക്ഷവും പരോക്ഷവും അല്ലാതെയുമുള്ള ഒരുപാട് നിലപാടുകളും സമരങ്ങളും

നടപ്പിലാക്കുന്നുണ്ട്. സംസ്ഥാനവും അതുമായി മുന്നോട്ടുപോയിട്ടുള്ളതും നിവേദനം സമർപ്പിച്ചിട്ടുള്ളതുമാണ്. ട്രേഡ് യൂണിയനുകൾ, പൊതു രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എന്നിവ മുന്നോട്ടുവന്ന് കേന്ദ്ര നിയമത്തിന്റെ ഭാഗമായുള്ള എതിർപ്പുകൾ പ്രകടിപ്പിച്ചിട്ടുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഈ രംഗത്ത് ശാക്തീകരിക്കുന്നതിനുവേണ്ടിയുള്ള നടപടികളുമായി ആഴക്കടൽ മത്സ്യബന്ധനമേഖലയിലേയ്ക്ക് സർക്കാർ കടന്നുവന്നിട്ടുണ്ട്. അതിന്റെ ഭാഗമായി 10 ബോട്ടുകൾ വാങ്ങാൻ തീരുമാനിക്കുകയും 6 ബോട്ടുകൾ കൊടുക്കുകയും ചെയ്തു. ഇനി 4 ബോട്ടുകൾ കൂടി കൊടുക്കാൻ ഉദ്ദേശിക്കുകയും ഈ വർഷത്തെ ബഡ്ജറ്റിൽ 10 ബോട്ടുകൾകൂടി വച്ചിട്ടുള്ളതുമാണ്. 12 നോട്ടിക്കൽ മൈലിനുള്ളിലെ പരമ്പരാഗത മത്സ്യബന്ധനത്തിന്റെ സാധ്യതകളെ മെച്ചപ്പെടുത്താൻ കഴിയുന്നതരത്തിൽ ആഴക്കടൽ മത്സ്യബന്ധനത്തിലേയ്ക്ക് പോകണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ ലക്ഷ്യം.

## വംശനാശഭീഷണി നേരിടുന്ന ശുദ്ധജലമത്സ്യങ്ങളുടെ സംരക്ഷണം

5 (* 515) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ചന്ദ്രശേഖരൻ ചുമതലപ്പെടുത്തിയ പ്രകാരം
(ശ്രീ. മുഹമ്മദ് മുഹസിൻ):
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവും സൃഷ്ടിക്കുന്ന അതിതീവ്ര പ്രകൃതി പ്രതിഭാസങ്ങളുടെ ഫലമായി ഉൾനാടൻ മത്സ്യ സമ്പത്തിന് ഉണ്ടായിക്കൊണ്ടിരിക്കുന്ന ശോഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ?

(ബി) സംസ്ഥാനത്തിന്റെ ജല ആവാസവ്യവസ്ഥയിലെ പ്രധാന കണ്ണികളായ പരമ്പരാഗത മത്സ്യയിനങ്ങളിൽ പലതും വംശനാശഭീഷണി നേരിടുന്ന സാഹചര്യത്തിൽ ഇവയെ സംരക്ഷിക്കുന്നതിനും ആവാസവ്യവസ്ഥയിലെ കണ്ണികൾ മുറിയാതിരിക്കുന്നതിനുംവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(സി) വംശനാശഭീഷണി നേരിടുന്ന ഉൾനാടൻ ശുദ്ധജല മത്സ്യ ഇനങ്ങളുടെ നിലനിൽപ്പിനുവേണ്ടി കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് തുടക്കം കുറിച്ചിട്ടുള്ള പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ?

(ഡി) കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ശുദ്ധജല തടാകത്തിലെ ആവാസ വ്യവസ്ഥയിലെ പ്രധാന കണ്ണിയായ മഞ്ഞക്കൂരി എന്ന മത്സ്യയിനത്തിന്റെ വംശനാശഭീഷണിയെ നേരിടുന്നതിന് പ്രസ്തുത സ്ഥാപനം നടപ്പാക്കിയ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ?

(ഇ) ഉൾനാടൻ ജലാശയങ്ങളിലെ വംശനാശഭീഷണി നേരിടുന്ന മത്സ്യ ഇനങ്ങളുടെ വിവരശേഖരണം നടത്തി അവയുടെ സ്വാഭാവിക നിലനിൽപ്പിനാവശ്യമായ ഗവേഷണവും പ്രവർത്തനങ്ങളും നടത്തുന്നതിന് കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസിനെ ചുമതലപ്പെടുത്തുമോ; വിശദീകരിക്കാമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ,

(എ) ഉണ്ട്. അതിതീവ്ര പ്രകൃതി പ്രതിഭാസങ്ങളിലൊന്നായ 2018 വർഷത്തെ പ്രളയത്തെത്തുടർന്ന് സ്വാഭാവിക ആവാസ വ്യവസ്ഥകളിന്മേലുള്ള വിദേശ മത്സ്യങ്ങളുടെ കടന്നുകയറ്റം കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാല രേഖപ്പെടുത്തി പത്രമാധ്യമങ്ങൾ, ഗവേഷണ പ്രസിദ്ധീകരണങ്ങൾ എന്നിവ മുഖാന്തിരം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) പരമ്പരാഗത മത്സ്യയിനങ്ങളിൽ പലതും വംശനാശ ഭീഷണി നേരിടുന്ന സാഹചര്യത്തിൽ ഇവയെ സംരക്ഷിക്കുന്നതിനും ആവാസ വ്യവസ്ഥയിലെ കണ്ണികൾ മുറിയാതിരിക്കുന്നതിനും വേണ്ടി ഫിഷറീസ് വകുപ്പ് മുഖേന ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 2022-23 വർഷം മുതൽ ആരംഭിച്ച് മൂന്ന് വർഷം ഘട്ടംഘട്ടമായി നടപ്പിലാക്കുന്ന ടി പദ്ധതിയുടെ ആകെ അടങ്കൽ 1,199 ലക്ഷം രൂപയാണ്. 'ഉൾനാടൻ ജല ആവാസ വ്യവസ്ഥയിൽ സംയോജിത മത്സ്യവിഭവ പരിപാലനം' എന്ന ടി പദ്ധതി പ്രകാരം പുഴകളിലും അനുബന്ധ ജലാശയങ്ങളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും മത്സ്യ/കക്ക സംരക്ഷണ പ്രദേശങ്ങൾ സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. 2022-23 ൽ 148.25

ലക്ഷം മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ ജലാശയങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്. റിസർവോയറുകളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനായി കേരള റിസർവോയർ ഫിഷറീസ് ഡെവലപ്പ്മെന്റ് പദ്ധതിയ്ക്ക് 2023-24 വർഷം 200 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും 12 റിസർവോയറുകളിലായി (മണിയാർ, പമ്പ, പൊന്മുടി, മാട്ടുപ്പെട്ടി, ഇരട്ടയാർ, ആനയിറങ്ങൾ, മീങ്കര, പോത്തുണ്ടി, കാഞ്ഞിരപ്പുഴ, പഴശ്ശി, പെരിങ്ങൽകുത്ത്, ഷോളയാർ (ലോവർ)) 4514.10 ഹെക്ടർ പ്രദേശത്ത് 80.05 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതികൾ ഈ വർഷവും തുടരുന്നുണ്ട്.

വംശനാശഭീഷണി നേരിട്ടുകൊണ്ടിരിക്കുന്നതും അതീവ ശോഷണ വിധേയമായികൊണ്ടിരിക്കുന്നതുമായ മഞ്ഞക്കൂരി, കുറുവാപരൽ എന്നീ തദ്ദേശീയ മത്സ്യയിനങ്ങളുടെ നിയത സാഹചര്യത്തിൽ ഉല്പാദിപ്പിച്ചെടുത്ത കുഞ്ഞുങ്ങളെ അവയുടെ സ്വാഭാവിക ആവാസവ്യവസ്ഥകളിൽ ചിലതായ പെരിയാർ നദിയിലെ ഇടമലയാർ അണക്കെട്ട്, കൊല്ലം ജില്ലയിലെ ശാസ്താംകോട്ട തടാകം എന്നിവിടങ്ങളിൽ ഫിഷറീസ് സർവകലാശാലയുടെ നേതൃത്വത്തിൽ നിക്ഷേപിച്ചിട്ടുണ്ട്. നാടൻ മത്സ്യങ്ങളുടെ സംരക്ഷണത്തിനും

ഉപജീവനത്തിനും ഉതകുന്ന രീതിയിൽ ഇടമലയാർ വനമേഖലയിൽ വനം-വന്യജീവി വകുപ്പ്, ഊർജ്ജ വകുപ്പ് എന്നിവയുടെ സഹകരണത്തോടെ ഒരു തദ്ദേശീയ മത്സ്യവിത്തുല്പാദനകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ സർവ്വകലാശാല നടത്തിയിട്ടുണ്ട്.

പശ്ചിമഘട്ടത്തിലെ തദ്ദേശീയ മത്സ്യയിനമായ Pethia setnai (ഗോവ സംസ്ഥാനത്തിലെ അരുവികളിൽ മാത്രം കണ്ടുവരുന്ന അലങ്കാര പ്രാധാന്യമുള്ള ഒരിനം പരൽ) എന്ന മത്സ്യയിനത്തിന്റെ വിത്തുല്പാദന സാങ്കേതികവിദ്യ സർവ്വകലാശാല വികസിപ്പിക്കുകയും ഇവയുടെ കുഞ്ഞുങ്ങളെ Central Coastal Agricultural Research Institute-ന്റെ ഡയറക്ടർക്ക് 2023 വർഷം കൈമാറിയിട്ടുള്ളതുമാണ്.

കേരള സർക്കാർ പ്ലാൻ പദ്ധതിയിൻ കീഴിൽ കല്ലട നദിയിൽ മാത്രം കണ്ടു വരുന്ന Dawkinsia exclamatio എന്ന ശാസ്ത്രീയ നാമമുള്ള ആശ്ചര്യപരൽ എന്ന തദ്ദേശീയ മത്സ്യത്തിന്റെ വിത്തുല്പാദന സാങ്കേതികവിദ്യ സർവ്വകലാശാല വികസിപ്പിച്ചിട്ടുണ്ട്.

കൂടാതെ, അച്ചൻകോവിലാർ, അഷ്ടമുടിക്കായൽ, ശാസ്താംകോട്ട തടാകം, മലങ്കര അണക്കെട്ട്, തൃശ്ശൂർ, പൊന്നാനി കോൾപാടങ്ങൾ എന്നിവിടങ്ങളിലെ മത്സ്യസമ്പത്തിന്റെ വിവരശേഖരണം നടത്തി ഭാവികാല മത്സ്യ സംരക്ഷണത്തിനും സുസ്ഥിര ചൂഷണത്തിനുമുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഗവേഷണ പ്രബന്ധങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനതല ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതുമായി സഹകരിച്ചുകൊണ്ട് കുമ്പളം ഗ്രാമപഞ്ചായത്തിനായുള്ള ജൈവ വൈവിധ്യ രജിസ്റ്റർ സർവ്വകലാശാലയുടെ നേതൃത്വത്തിൽ പഞ്ചായത്തിനോടനുബന്ധിച്ച വേമ്പനാട്ടു കായൽ പ്രദേശങ്ങളിൽ സർവ്വേ നടത്തി 116 ഇനം മത്സ്യങ്ങളുടെയും, ചെമ്മീൻ, ഞണ്ട്, കക്ക, കണ്ടൽസസ്യങ്ങൾ എന്നിവയുടെ ചിത്രങ്ങൾ സഹിതമുള്ള കരട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. അഷ്ടമുടി തടാകത്തിലെ മുഴുവൻ മത്സ്യങ്ങളുടെയും വിവരശേഖരണം നടത്തുകയും പിടിച്ചെടുക്കുന്ന മത്സ്യസമ്പത്തിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ സഹിതം (വംശനാശഭീഷണി നേരിടുന്ന മത്സ്യങ്ങളുടെ ഇനം തിരിച്ചുള്ള കണക്ക് സഹിതം) 3 അന്താരാഷ്ട്ര പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാല UNDP-IHRML പദ്ധതിയിൻകീഴിൽ കുറുവപരൽ, പൂവാലിപരൽ എന്നീ നാടൻ മത്സ്യയിനങ്ങളുടെ വിത്തുല്പാദന സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ട്. 2001- 2002 കാലയളവിൽ കുറുവപരൽ എന്ന ഇനത്തിന്റെ കുഞ്ഞുങ്ങളെയും (1.5 ലക്ഷം) 3000 പൊരുന്ന മത്സ്യങ്ങളെയും പദ്ധതി പ്രദേശമായ ഇടമലയാർ അണക്കെട്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

പശ്ചിമഘട്ടത്തിലെ തദ്ദേശീയ മത്സ്യയിനമായ Pethia Setnai (ഗോവ സംസ്ഥാനത്തിലെ അരുവികളിൽ മാത്രം കണ്ടുവരുന്ന അലങ്കാര പ്രാധാന്യമുള്ള ഒരിനം പരൽ) എന്ന മത്സ്യയിനത്തിന്റെ വിത്തുല്പാദന സാങ്കേതികവിദ്യ സർവകലാശാല വികസിപ്പിക്കുകയും ഇവയുടെ കുഞ്ഞുങ്ങളെ സെൻട്രൽ കോസ്റ്റൽ അഗ്രികൾച്ചറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർക്ക് 2023 വർഷം കൈമാറിയിട്ടുള്ളതുമാണ്.

കേരള സർക്കാർ പ്ലാൻ പദ്ധതിയിൻ കീഴിൽ കല്ലട നദിയിൽ മാത്രം കണ്ടു വരുന്ന Dawkinsia exclamatio എന്ന ശാസ്ത്രീയ നാമമുള്ള ആശ്ചര്യപരൽ എന്ന

തദ്ദേശീയ മത്സ്യത്തിന്റെ വിത്തുല്പാദന സാങ്കേതികവിദ്യ സർവ്വകലാശാല വികസിപ്പിച്ചിട്ടുണ്ട്.

വംശനാശഭീഷണിയിലുള്ള മഞ്ഞക്കൂരി മത്സ്യത്തിന്റെ കുഞ്ഞുങ്ങളെ ചാലക്കുടിപുഴ, ശാസ്താംകോട്ട തടാകം എന്നീ ജലാശങ്ങളിൽ മത്സ്യസമ്പത്തിന്റെ ഉല്പാദന വർദ്ധനവിനും പ്രാദേശിക മത്സ്യത്തൊഴിലാളികൾക്ക് ജീവസന്ധാരണത്തിനും ഉതകുന്നരീതിയിൽ നിക്ഷേപിക്കുന്നതിനായി തയ്യാറാക്കിയിട്ടുണ്ട്.

(ഡി) സർക്കാരിന്റെ ആസൂത്രണ ധനസഹായത്തിനുകീഴിൽ മഞ്ഞക്കൂരി (Horabagrus brachyosma) എന്ന വംശനാശ ഭീഷണിയിലുള്ള മത്സ്യയിനത്തിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള വിത്തുല്പാദന സാങ്കേതികവിദ്യ സർവകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. 2024 മാർച്ച് മാസം ഒന്നാം തീയതി തടാകത്തിൽനിന്നും ശേഖരിച്ച് സർവകലാശാലയിൽ പൊരുന്ന മത്സ്യങ്ങളായി വികസിപ്പിച്ചെടുത്ത മഞ്ഞക്കൂരി മത്സ്യങ്ങളിൽനിന്നും ഉല്പാദിപ്പിച്ചെടുത്ത 10 സെന്റീമീറ്ററിൽ അധികം വലുപ്പമെത്തിയ കുഞ്ഞുങ്ങളെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ ജനപ്രതിനിധികളുടെയും

ഫിഷറീസ് വകുപ്പുദ്യോഗസ്ഥരുടെയും പ്രാദേശിക മത്സ്യത്തൊഴിലാളികളുടെയും സാന്നിധ്യത്തിൽ നിക്ഷേപിക്കുകയുണ്ടായി. പ്രസ്തുത മത്സ്യത്തിന്റെ കുഞ്ഞുങ്ങളെ മത്സ്യ സമ്പത്തിന്റെ ഉല്പാദനവർദ്ധനവിനും പ്രാദേശിക മത്സ്യത്തൊഴിലാളികൾക്ക് ജീവസന്ധാരണത്തിനും ഉതകുന്ന രീതിയിൽ തനതുവർഷം തുടർന്നും നിക്ഷേപിക്കുന്നതിനായി തയ്യാറാക്കിയിട്ടുണ്ട്.

(ഇ) ഉൾനാടൻ ജലാശയങ്ങളിലെ വംശനാശ ഭീഷണി നേരിടുന്ന മൽസ്യയിനങ്ങളുടെ വിവരശേഖരണം നടത്തി അവയുടെ സ്വാഭാവിക നിലനില്പിനാവശ്യമായ ഗവേഷണവും പ്രവർത്തനവും നടത്തുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം കേരള ഫിഷറീസ് സമുദ്രപഠന സർവകലാശാലയ്ക്കുണ്ട്. കുഫോസ് നിലവിൽ ഈ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇതിന്റെ ഭാഗമായി അഷ്ടമുടി തടാകത്തിലെ മുഴവൻ മത്സ്യങ്ങളുടെയും വിവരശേഖരണം നടത്തുകയും പിടിച്ചെടുക്കുന്ന മത്സ്യസമ്പത്തിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ സഹിതം (വംശനാശ ഭീഷണി നേരിടുന്ന മത്സ്യങ്ങളുടെ ഇനം തിരിച്ചുള്ള കണക്കു സഹിതം) 3 അന്താരാഷ്ട്ര പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തൃശ്ശൂർ, പൊന്നാനി

കോൾപാടശേഖരങ്ങളിലെ മത്സ്യസമ്പത്തിനെ സംബന്ധിച്ച വിവരശേഖരണം നടത്തുകയും പ്രസ്തുത വിവരങ്ങളുൾക്കൊള്ളുന്ന വിശദ റിപ്പോർട്ട് പരിസ്ഥിതി - കാലാവസ്ഥ വ്യതിയാന വകുപ്പിന് കൈമാറിയിട്ടുള്ളതുമാണ്.

അച്ചൻകോവിൽ നദിയുടെ പ്രാധാന കൈവഴിയായ കല്ലാർനദിയുടെ മൽസ്യ സമ്പത്തിനെ സംബന്ധിച്ച വിവരശേഖരണം നടത്തി, മത്സ്യസമ്പത്തിന്റെ ഫോട്ടോ അറ്റ്ലസ്, വനം വകുപ്പിന് കൈമാറിയിട്ടുണ്ട്. കൂടാതെ ഇടമലയാർ വനമേഖലയിലെ മത്സ്യങ്ങളുടെ വിവരശേഖരണം നടത്തുകയും റിപ്പോർട്ടും ഫോട്ടോ അറ്റ്ലസും തയ്യാറാക്കിയിട്ടുണ്ട്.

സംസ്ഥാനതല ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കുന്നതുമായി സഹകരിച്ചുകൊണ്ട് കുമ്പളം ഗ്രാമപഞ്ചായത്തിനായുള്ള ജൈവ വൈവിധ്യ രജിസ്റ്റർ സർവകലാശാലയുടെ നേതൃത്വത്തിൽ പഞ്ചായത്തിനോടനുബന്ധിച്ച വേമ്പനാട്ടുകായൽ പ്രദേശങ്ങളിൽ സർവ്വേ നടത്തി 116 ഇനം മത്സ്യങ്ങളുടെയും, ചെമ്മീൻ, ഞണ്ട്, കക്ക, കണ്ടൽസസ്യങ്ങൾ എന്നിവയുടെയും ചിത്രങ്ങൾ സഹിതമുള്ള കരട് റിപ്പോർട്ട് പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്.

സംസ്ഥാന തണ്ണീർത്തട അതോറിറ്റിയുടെ ധനസഹായത്തിൻ കീഴിലുള്ള ഗവേഷണ പദ്ധതിയിൻകീഴിൽ ശാസ്താംകോട്ട തടാകത്തിലെയും മൽസ്യസമ്പത്തിന്റെ വിവരശേഖരണം നടത്തി വിശദ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, നിലവിലുള്ള നിയമങ്ങൾ സമുദ്രമത്സ്യങ്ങളുടെ സംരക്ഷണം ലക്ഷ്യമാക്കിയുള്ളതാണെന്നാണ് മനസ്സിലാകുന്നത്. ശുദ്ധജല മത്സ്യങ്ങളുടെ സംരക്ഷണത്തിനുള്ള നിയമങ്ങൾ നിലവിലുണ്ടോ; അത് അനിവാര്യമാണോ എന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, പരമ്പരാഗത മത്സ്യങ്ങളിൽ പലതും വംശനാശഭീഷണി നേരിടുന്ന സാഹചര്യത്തിൽ ഇവയെ സംരക്ഷിക്കുന്നതിനും ആവാസവ്യവസ്ഥയിലെ കണ്ണികൾ മുറിയാതിരിക്കുന്നതിനും വേണ്ടി ഫിഷറീസ് വകുപ്പുമുഖേന ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പാക്കിവരുന്നു. 2022-23 വർഷം ആരംഭിച്ച് മൂന്ന് വർഷം ഘട്ടംഘട്ടമായി നടപ്പാക്കുന്ന പദ്ധതിയുടെ ആകെ അടങ്കൽ 1,199 ലക്ഷം

രൂപയാണ്. ഉൾനാടൻ ജല ആവാസവ്യവസ്ഥയിൽ സംയോജിത മത്സ്യവിഭവ പരിപാലനം എന്ന പദ്ധതി പ്രകാരം പുഴകളിലും അനുബന്ധ ജലാശയങ്ങളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും മത്സ്യ/കക്ക സംരക്ഷണ പ്രദേശങ്ങൾ സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. 2022-23-ൽ 148.25 ലക്ഷം മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ ജലാശയങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്. റിസർവോയറുകളിലും ഈ കാര്യങ്ങൾ ചെയ്യുന്നുണ്ട്. വംശനാശഭീഷണി നേരിടുന്ന മഞ്ഞക്കൂരി, കൂവാപരൽ തുടങ്ങിയ തദ്ദേശ മത്സ്യയിനങ്ങളെ സംരക്ഷിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതുപോലെ ഗോവ സംസ്ഥാനത്തെ അരുവികളിൽ മാത്രം കണ്ടുവരുന്ന അലങ്കാര പ്രാധാന്യമുള്ള ഒരിനം പരൽ മത്സ്യങ്ങൾക്കുവേണ്ടി പ്രത്യേക വിത്തുല്പാദന സാങ്കേതികവിദ്യ സർവ്വകലാശാല വികസിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് വിശദമായ മറുപടിയാണ്+. കൂടുതൽ ഉൾനാടൻ മത്സ്യപരിപാലന സംരക്ഷണ പ്രക്രിയയ്ക്കാണ് സംസ്ഥാന ഗവൺമെന്റ് പ്രാധാന്യം കൊടുത്തിട്ടുള്ളത്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, കായൽമത്സ്യത്തിന്റെ നിയമനിർമ്മാണത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചിരുന്നു. കരിമീൻ, തിരുത,

---

\+ അനുബന്ധമായി ചേർക്കുന്നു.

പൂമീൻ, വരാൽ തുടങ്ങിയ മലയാളികളുടെ ഇഷ്ടവിഭവങ്ങൾ ഇന്ന് തീൻമേശയിൽ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ശുദ്ധജല മത്സ്യങ്ങളുടെ കലവറയെന്ന് വിശേഷിപ്പിക്കുന്ന അഷ്ടമുടിക്കായലിൽപ്പോലും ഇവയുടെ എണ്ണം കുറയുകയാണ്. സമുദ്രമത്സ്യമായ അയലയുടെ സാന്നിദ്ധ്യം കായലിൽ വരികയാണ്. സമുദ്ര മത്സ്യങ്ങളുടെ സാന്നിദ്ധ്യം കായലിൽ വരുന്നതുകൊണ്ട് കായലിലെ ശുദ്ധജല മത്സ്യത്തിന് ഭീഷണിയാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തുനടപടിയാണ് സ്വീകരിക്കാൻ കഴിയുന്നത്?

ശ്രീ. സജി ചെറിയാൻ: സർ, കായലിലും നദികളിലും ജലാശയങ്ങളിലും നിന്ന് പരമ്പരാഗതമായി നമുക്ക് ലഭിച്ചുകൊണ്ടിരുന്ന മത്സ്യങ്ങൾക്ക് വംശനാശഭീഷണി നേരിടുന്നതിനാൽ അതിനുവേണ്ടിയുള്ള പഠനങ്ങൾ വകുപ്പ് നടത്തിയിട്ടുള്ളതും നിലപാടുകൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ഇക്കാര്യങ്ങൾ മറുപടിയിൽ വിശദമായി സൂചിപ്പിച്ചിട്ടുള്ളതിനാൽ അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല. അങ്ങ് പറഞ്ഞ കായലിലെ പ്രശ്നം സത്യസന്ധമായതിനാൽ അത് പരിഹരിക്കാനുള്ള നടപടികളും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.

നിയമനിർമ്മാണത്തിന്റെ കാര്യം സംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ലോകത്തെ ഏറ്റവും വലിയ പ്രകൃതി വിഭവങ്ങളിലൊന്നായ ശുദ്ധജലമത്സ്യത്തിന് വംശനാശഭീഷണി നേരിടുന്നതിന് പല കാരണങ്ങളുണ്ട്. അതിന് വാട്ടർ പൊല്യൂഷൻ, ആവാസവ്യവസ്ഥവിലെ വ്യത്യാസങ്ങൾ, പി.എച്ച്. ബാലൻസ്, അമോണിയ തുടങ്ങിയ പല കാരണങ്ങളുമുണ്ട്. കേരളത്തിൽ ഇപ്രകാരമുണ്ടാകുന്നതിനുള്ള കാരണമെന്താണെന്ന് കൃത്യമായി പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അപ്രകാരം പഠനം നടത്തിക്കൊണ്ട് അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. ഉൾനാടൻ ജലാശയങ്ങളിൽ വംശനാശഭീഷണി നേരിടുന്ന മത്സ്യയിനങ്ങളുടെ വിവരശേഖരണം നടത്തി അവയുടെ സ്വാഭാവിക നിലനിൽപ്പിനാവശ്യമായ ഗവേഷണങ്ങളും പ്രവർത്തനങ്ങളും നടത്തുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാലയ്ക്കുണ്ട്. കുഫോസ് നിലവിൽ

ഈ പ്രവർത്തനം നടത്തുന്നതിന്റെ ഭാഗമായി അഷ്ടമുടി കായലിലെ മുഴുവൻ മത്സ്യങ്ങളുടെയും വിവരശേഖരണം നടത്തുകയും പിടിച്ചെടുക്കുന്ന മത്സ്യസമ്പത്തിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ പ്രസിദ്ധീകരിക്കുകയും മൂന്ന് അന്താരാഷ്ട്ര പ്രബന്ധങ്ങൾ ഇതുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ തൃശ്ശൂർ, പൊന്നാനി കോൾ പാടശേഖരങ്ങളിലെ മത്സ്യ സമ്പത്തിനെ സംബന്ധിച്ച വിവരശേഖരണം നടത്തുകയും പ്രസ്തുത വിവരങ്ങൾക്കുള്ള വിശദമായ റിപ്പോർട്ട് പരിസ്ഥിതി കാലാവസ്ഥാ വകുപ്പിന് കൈമാറിയിട്ടുള്ളതുമാണ്.

അച്ചൻകോവിൽ നദിയുടെ പ്രധാന കൈവഴിയായ കല്ലാർ നദിയിലെ മത്സ്യസമ്പത്തിനെ സംബന്ധിച്ച് വിവരശേഖരണം നടത്തിയിരുന്നു. എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാണ്. മറുപടിയിൽ ഇതെല്ലാമുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

---------------------